2023 ജനുവരി 07

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന YMEF ദ്വൈവാരിക

# സുവിശേഷധ്വനി

# Suviseshadhwani

SUVISESHADHWANI FORTNIGHTLY • REG. NO. RN. 29475/1978, REG. NO. KL/TV (S)/396/2022-24 • VOL. 41. • ISSUE 33 • പുസ്തകം 41 • ലക്കം 35 • പേജ് 6

## "ഞാൻ ഇപ്പോൾ മൂന്നു സംവത്സരമായി ഈ അത്തിയിൽ ഫലം തിരഞ്ഞുവരുന്നു കാണുന്നില്ലതാനും; അതിനെ വെട്ടികളക; അതു നിലത്തെ നിഷ്ഫലമാക്കുന്നതെന്തിന്"? [ലൂക്കോ. 13:7]

ജോർജ്ജ് സി. വർഗീസ്, തിരുവനന്തപുരം

"അവൻ ഒരു ഉപമയും പറഞ്ഞു ഒരുത്തൻ തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്നൊരു അത്തിവൃക്ഷം ഉണ്ടായിരുന്നു; അവൻ അതിൽ ഫലം തിരഞ്ഞുവന്നു, കണ്ടില്ലതാനും അവൻ തോട്ടക്കാരനോട്: ഞാൻ ഇപ്പോൾ മൂന്നു സംവത്സരമായി ഈ അത്തിയിൽ ഫലം തിരഞ്ഞുവരുന്നു, കാണുന്നില്ലതാനും; അതിനെ വെട്ടികളക; അത് നിലത്തെ നിഷ്ഫലമാക്കുന്നത് എന്തിന് എന്നു പറഞ്ഞു. അതിന് അവൻ കർത്താവേ, ഞാൻ അതിന് ചുറ്റും കിളച്ച് വളം ഇടുവോളം ഈ ആണ്ടു കൂടെ നിൽക്കട്ടെ. മേലാൽ കായ്ച്ചില്ലെങ്കിലോ-ഇല്ലെങ്കിൽ വെട്ടിക്കളയാം. എന്നുത്തരം പറഞ്ഞു" (ലൂക്കോ. 13:6-9 വരെ ശ്രദ്ധയോടു കൂടെ വായിക്കുക).

രണ്ടായിരത്തി ഇരുപത്തിമൂന്നിന്റെ ആദ്യ നാളുകളിലേക്ക് എത്തിയിരിക്കുന്ന നമുക്ക് ചിന്തിക്കേണ്ടതായുള്ള വിഷയം "കഴിഞ്ഞകാലങ്ങളിൽ നാം ഓരോരുത്തരും എത്രമാത്രം ഫലം; ദൈവത്തിനായി കായ്ച്ചു?" ഈ കാര്യം ഒന്നോർക്കുന്നതിനും ഓർമ്മിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ വിഷയം വിചിന്തനം ചെയ്യുന്നത്. "ഫലം കായ്ക്കുന്നില്ലെങ്കിൽ വെട്ടിക്കളയും" എന്ന വസ്തുത വളരെ ഗൗരവമുള്ള കാര്യമാണ്. "അധികം ലഭിച്ചവനോട് അധികം ചോദിക്കും" എന്നു കർത്താവ് പറഞ്ഞത് വളരെ ശ്രദ്ധേയമാണ്. കഴിഞ്ഞകാല ജീവിതത്തിൽ ദൈവത്തിൽ നിന്ന് എത്ര എത്ര അനുഗ്രഹങ്ങൾ നമുക്ക് ലഭിച്ചു! എത്ര എത്ര പരിഗണനകളും പരിചരണങ്ങളും ലഭിച്ചു! ഇതെല്ലാമായിട്ട് നാം ഫലം കായ്ക്കുന്നില്ലെങ്കിൽ ദൈവകോപത്തിനിരയാകും എന്ന് ഭയത്തോടെ കാണേണ്ടതല്ലേ?

പ്രിയദൈവപൈതലേ, നീ ഫലം കായ്ക്കുന്നവനായിട്ടാണോ ദൈവത്തിന്റെ തോട്ടത്തിൽ നിൽക്കുന്നത്? നിന്നെക്കൊണ്ട് നാഥന് നാളിതുവരെ എന്തു പ്രയോജനം ലഭിച്ചു? "കൊമ്പിന് മുന്തിരിവള്ളിയിൽ വസിച്ചിട്ടില്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടില്ലാതെ നിങ്ങൾക്ക് കഴികയില്ല" (യോഹ. 15:1-4 വരെ വായിക്കുക) കൊമ്പിൽ ഫലം കായ്ക്കണമെങ്കിൽ അത് തായ്തണ്ടിനോട് ചേർന്നു നിൽക്കണം. വേര് വലിച്ചെടുക്കുന്ന വെള്ളവും വളവും തായ്തണ്ടിൽ കൂടെ ചില്ലികൊമ്പിലെത്തുന്നില്ലെങ്കിൽ ആ ചില്ലയിൽ ഫലമുണ്ടാകയില്ല. തന്നെയുമല്ല അത് ഉണങ്ങിപ്പോകയും ചെയ്യും. നാം ആത്മാവിന്റെ ഫലം കായ്ക്കണമെങ്കിൽ സാക്ഷാൽ മുന്തിരിവള്ളിയായ ക്രിസ്തുവിൽ വസിക്കണം; ക്രിസ്തുവിനോട് ബന്ധമുള്ളവരായിരിക്കണം. ക്രിസ്തുവിനെ വിട്ട് ഒരിക്കലും നമുക്ക് ഫലം കായ്ക്കാൻ കഴിയുകയില്ല. മാത്രമല്ല നാം ഉണങ്ങിപോകയും ചെയ്യും. "എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പുപോലെ പുറത്തു കളഞ്ഞിട്ട് അവൻ ഉണങ്ങിപ്പോകും. ആ വക ചേർത്ത് തീയിലിടുന്നു; അതു വെന്തുപോകും" (യോഹ. 15:6).

> **പ്രിയദൈവപൈതലേ, നീ ഫലം കായ്ക്കുന്നവനായിട്ടാണോ ദൈവത്തിന്റെ തോട്ടത്തിൽ നിൽക്കുന്നത്? നിന്നെക്കൊണ്ട് നാഥന് നാളിതുവരെ എന്തു പ്രയോജനം ലഭിച്ചു? "കൊമ്പിന് മുന്തിരിവള്ളിയിൽ വസിച്ചിട്ടില്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടില്ലാതെ നിങ്ങൾക്ക് കഴികയില്ല"**

**"ഈ ആണ്ടും കൂടെ നിൽക്കട്ടെ":** കുറിവാക്യമായി കൊടുത്തിരിക്കുന്ന മുന്തിരിത്തോട്ടത്തിന് നടുവിൽ നട്ടൊരു അത്തിവൃക്ഷത്തിന്റെ ഉപമ ലൂക്കോസിന്റെ സുവിശേഷത്തിലെ 24-ാമത്തെ ഉപമയായി യേശുകർത്താവ് പറഞ്ഞു. പാലസ്തീനിലും, യിസ്രായേലിലും മുന്തിരിതോട്ടത്തിൽ ഫലവൃക്ഷങ്ങൾ നടുക പതിവായിരുന്നു എങ്കിലും അത്തി മുന്തിരിത്തോട്ടത്തിൽ നടുക എന്നത് പൊതുവേ പ്രചാരത്തിലുള്ളതല്ല. അത്തിവൃക്ഷത്തിന്റെ ഉപമ പ്രാഥമികമായി യിസ്രയേലിനെ കുറിക്കുന്നു (ഹോശേയ. 9:10, യോവേൽ 1:7) എന്നിരുന്നാലും ഈ ഉപമ യേശുവിൽ വിശ്വസിക്കുന്നു എന്നു പറയുകയും, ഫലം പുറപ്പെടുവിക്കാതെയും, പാപവഴികളെ വിട്ടു തിരിയുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്ന എല്ലാ വ്യക്തികളുടെ നേരെയും വിരൽ ചൂണ്ടുന്നതാണ്. നമ്മുടെ കാര്യം തന്നെ ഒന്നോർത്തു നോക്കുക, മാനസാന്തരപ്പെടുവാനും, രക്ഷിക്കപ്പെടുവാനും, ഫലം കായ്ക്കുന്ന ജീവിതത്തിനുടമയാകുകയും ചെയ്യുവാൻ ദൈവം എല്ലാവർക്കും വേണ്ടുവോളം സമയം നൽകിയിട്ടും, നിഷ്ഫലന്മാരായി ജീവിക്കുന്നവർക്ക് നേരെ ദൈവീകന്യായവിധി കടന്നുവരുമെന്നും, ദൈവത്തിന്റെ കരുണയും കൃപയും നീങ്ങിപ്പോകുന്ന ഒരു കാലം വരുന്നു എന്നും ഈ ഉപമ നമ്മെ പഠിപ്പിക്കുന്ന അഞ്ചു കൂട്ടം കാര്യങ്ങൾ ഓർമ്മിപ്പിക്കട്ടെ.

**1. ലഭിച്ചിരിക്കുന്ന വലിയ പദവി:** "മുന്തിരിത്തോട്ടത്തിൽ നട്ടിരുന്നൊരു അത്തിവൃക്ഷം" എന്നത് സാധാരണ അത്തിയിൽ നിന്നും വ്യത്യസ്ഥമായി ഒരു പദവി ലഭിച്ച അത്തി എന്ന നിലയിൽ ശ്രദ്ധേയമാണ്. പാലസ്തീനിൽ വെളിമ്പ്രദേശങ്ങളിലും, വഴിയരുകിലും കാണുന്ന വൃക്ഷമാണല്ലോ അത്തി. എന്നാൽ മുന്തിരിത്തോട്ടം വളരെ ശ്രദ്ധയോടു കൂടെ നോക്കിവളർത്തുന്നതാണ്. "എന്റെ പ്രിയതമന് ഏറ്റവും ഫലവത്തായൊരു കുന്നിന്മേൽ ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. അവൻ അതിന് വേലികെട്ടി, അതിലെ കല്ല് പെറുക്കിക്കളഞ്ഞു, അതിൽ നല്ലവക മുന്തിരി നട്ടു, നടുവിൽ ഒരു ഗോപുരവും പണിതു, ഒരു ചക്കും ഇട്ടു. മുന്തിരിവള്ളി കായ്ക്കും എന്ന് അവൻ കാത്തിരുന്നു" (യെശയ്യാ. 5:12). പ്രിയരെ ഇപ്രകാരം നോക്കി വളർത്തുന്ന മുന്തിരിത്തോട്ടത്തിന്റെ നടുവിലാണ് വലിയ പദവിയോടെ ഈ അത്തി വളരുന്നത്. വഴിവക്കിലായിരുന്ന അത്തിക്ക് തോട്ടത്തിന്റെ നടുവിലെത്താൻ എന്താണ് യോഗ്യത എന്ന് നാം ഈ അത്തിയോട് ചോദിച്ചാൽ ഇപ്രകാരം പറയും "എനിക്ക് ഒരു യോഗ്യതയും ഇല്ല, എന്നാൽ എന്റെ യജമാനന്റെ സ്നേഹം ഒന്നുമാത്രമാണ് എനിക്ക് ഈ പദവി ലഭിക്കാൻ കാരണം" എന്ന്.

പ്രിയരെ ദൈവസഭയാകുന്ന മുന്തിരിത്തോട്ടത്തിൽ എത്തിപ്പെടുവാൻ എന്തുയോഗ്യതയാണ് നമുക്കുണ്ടായിരുന്നത്? മുന്തിരിത്തോട്ടത്തിൽ നടപ്പെട്ട അത്തിമരത്തെപ്പോലെ നമുക്ക് എത്രയോ വലിയ പദവിയാണ് ലഭിച്ചിരിക്കുന്നത്.

ശേഷം 4-ാം പേജിൽ

പ്രാർത്ഥിക്കുക... ഒരുങ്ങുക...

വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് 2023

ആഗസ്റ്റ് 28, 29, 30, 31 (തിങ്കൾ മുതൽ വ്യാഴം വരെ)

ജേക്കബ് പി. മാത്യു (ജനറൽ സെക്രട്ടറി) 984700069

## ആരാധനയും അനുകരണകലയും

ജോൺസൺ കുളങ്ങര

ഏതൊരാവശ്യത്തിനും ഒരുക്കത്തോടെയാണ് നാം വീട്ടിൽ നിന്നിറങ്ങുക. ഒരു മൊബൈൽ ഫോൺ കണക്ഷന് ആധാർ കാർഡും ഫോട്ടോയും കരുതണം. ലോണെടുക്കാൻ കരം അടച്ച രസീതും അനുബന്ധ രേഖകളും അനിവാര്യം. വിദേശയാത്രയ്ക്ക് പാസ്പോർട്ടും വിസയും യാത്രാടിക്കറ്റും ഉണ്ടായിരിക്കണം. പരീക്ഷാ ഹാളിലേക്ക് പോകുന്ന വിദ്യാർത്ഥി എത്രയോ ദിവസങ്ങൾക്കു മുമ്പേ പഠനത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടാകും എന്ന് ഊഹിക്കാമല്ലോ. എന്നാൽ നമ്മുടെ സ്രഷ്ടാവും രക്ഷിതാവുമായ കർത്താവിനെ ആരാധിക്കാൻ സഭാഹാളിൽ പോകുമ്പോഴോ? അവധി ദിവസമായതിനാൽ എഴുന്നേൽക്കാൻ തന്നെ പതിവിലും വൈകും. പിന്നെ യുദ്ധകാലാടിസ്ഥാനത്തിൽ പ്രഭാതകൃത്യങ്ങളെല്ലാം നിർവ്വഹിച്ച് ഓടി സഭാഹാളിലെത്തുമ്പോൾ ആരാധന ആരംഭിച്ചിരിക്കും. എങ്കിലും സ്തോത്രം ചെയ്ത് സംക്ഷേപിക്കുന്നത് ഇപ്രകാരമായിരിക്കും. "കർത്താവേ, അടിയങ്ങൾ ഒരുക്കിക്കൊണ്ടുവന്നിരിക്കുന്ന ആരാധന തൃപ്പാദങ്ങളിലർപ്പിക്കുന്നു". ഇവിടെ ഓരോ ആരാധകനും സ്വയം ചോദിക്കുക, എപ്പോൾ, എവിടെ വച്ച്, എങ്ങനെയാണ് ഞാൻ ഒരുക്കിയത്? യഹൂദന് ഒരുക്കനാൾ തന്നെയുണ്ട്. ശബ്ബത്തുദിവസം വേലയൊന്നും പടില്ലാത്തതിനാൽ ആറാം ദിവസം തന്നെ ജോലികളെല്ലാം ചെയ്തു തീർക്കും യഹൂദന്മാരുടെ ഒരു ദിവസം ആരംഭിക്കുന്നത് വൈകുന്നേരം 6 മണിക്കാണ്. അതുകൊണ്ട് വെള്ളിയാഴ്ച സന്ധ്യയ്ക്ക് ആറിന് അവരുടെ ശനിയാഴ്ച (ശബത്ത്) തുടങ്ങുകയായി. അതിനാലാണ് അത് ഒരുക്കനാൾ ആയിരുന്നു, ശബ്ബത്തും ആരംഭിച്ചു എന്ന് എഴുതിയിരിക്കുന്നത് (ലൂക്കോസ്. 23:54).

ഉൽപ്പത്തി പുസ്തകം ഒന്നാം അദ്ധ്യായത്തിൽ ഓരോ ദിവസത്തെ സൃഷ്ടികർമ്മത്തിനൊടുവിലും "സന്ധ്യയായി ഉഷസ്സുമായി ഒന്നാം ദിവസം" "സന്ധ്യയായി ഉഷസ്സുമായി രണ്ടാം ദിവസം" എന്നിങ്ങനെ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക. നാമാണെങ്കിൽ 'ഉഷസായി സന്ധ്യയായി ഒന്നാം ദിവസം' എന്ന് ആ ക്രമം തിരിച്ചാണ് പറയുക. കാരണം നമ്മുടെ ഒരു ദിവസം ആരംഭിക്കുന്നത് പ്രഭാതത്തോടെയാണ്.

ശേഷം 2-ാം പേജിൽ

വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ്

ബൈബിൾ ക്യാമ്പ് 2023

ഏപ്രിൽ 13, 14, 15

വ്യാഴം, വെള്ളി, ശനി

എസ്സ് ബി എസ്സ് ക്യാമ്പ് സെന്റർ പുത്തൻകാവ്

തീം : നിന്നെതന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക

ലീഡേഴ്സ്

സഹോ: കോശിമാത്യു (മുംബൈ)

സഹോ: വർഗ്ഗീസ് കുര്യൻ (കോട്ടയം)

ഡോ: ജോൺ എബ്രഹാം (തിരുവനന്തപുരം)

എഡിറ്റോറിയൽ പേജ് 2 | ഫിലേമോൻ ലേഖന പഠനം പേജ് 3 | യുവലോകം പേജ് 4 | മഹത്വത്തിൽ പേജ് 5 | ചിന്ത പേജ് 6

SUVISESHADHWANI
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2023 ജനുവരി 07/ പുസ്തകം 41 ലക്കം 35

എഡിറ്റോറിയൽ

# പുതുവർഷത്തിൽ പ്രത്യാശയോടെ

***സുവിശേഷധ്വനിയുടെ എല്ലാ മാന്യവായനക്കാർക്കും പുതുവത്സരാശംസകൾ !***

സംഭവബഹുലമായ ഒരു വർഷം കൂടെ നമ്മെ വിട്ട് കടന്നു പോയിരിക്കയാണ്. കഴിഞ്ഞ പുതുവർഷത്തിൽ നമ്മോടോപ്പമുണ്ടായിരുന്ന പലരും ഈ പുതുവർഷത്തിൽ നിത്യതയിലാണ്. നാം പ്രതീക്ഷിക്കാത്ത പലതും 2022ലും സംഭവിച്ചു. കോവിഡ് എന്ന മഹാവ്യാധി നമ്മെ വളരെ ബുദ്ധിമുട്ടിച്ചു. അത് ഇനിയും പൂർണ്ണമായി മാറിയിട്ടില്ലെന്ന് മാത്രമല്ല, ഈ നാളുകളിൽ വീണ്ടും ഒരു ഭീഷണി നിലനിൽക്കയാണ്. കൂടാതെ പല അനിഷ്ടസംഭവങ്ങളും ഇക്കഴിഞ്ഞ വർഷം നമ്മൾക്ക് സംഭാവന ചെയ്തു. റഷ്യ- ഉക്രൈൻ യുദ്ധം മൂലം വളരെ കെടുതികൾ ജനലക്ഷങ്ങൾക്ക് ഉണ്ടായി. അതിപ്പോഴും തുടരുന്നു. ചില രാജ്യങ്ങൾ ആണവഭീഷണി ഉയർത്തുന്നു. മറ്റ് രാജ്യങ്ങളുടെയോ അവരുടെ ബുദ്ധിമുട്ടുകളോ അവർക്കൊരു പ്രശ്നമേയല്ല.

ഇനി നമ്മുടെ ദേശത്തേക്കൊന്നു നോക്കിയാൽ എന്തെല്ലാം ദുഷ്ടതയാണ് നാം വാർത്തകളിൽ കാണുന്നത് ! സ്വന്ത ഭാര്യമാരെ പല വിധത്തിൽ വധിക്കുന്നു. നൊന്തു പ്രസവിച്ച അമ്മമാർ കുഞ്ഞുങ്ങളോട് കരുണയില്ലാതെ മൃഗീയമായി പെരുമാറുന്നു. പണസമ്പാദനത്തിനു മനുഷ്യന്റെ അന്ധവിശ്വാസം മൂലം മനുഷ്യക്കുരുതി വരെ നടത്തുന്നു. 'പ്രബുദ്ധകേരളം' എന്ന് നാം വിളിക്കുന്ന ഈ നാട്ടിൽ മനുഷ്യൻ സ്വാർത്ഥതാല്പര്യങ്ങൾക്കായി യാതൊരു പരിമിതിയുമില്ലാതെ ദുഷ്ടത പ്രവർത്തിക്കുന്നു. എന്തിനധികം, ലോകത്തിൽ യാതൊരു പ്രത്യാശക്കും വകയില്ല തന്നെ.

ലോകം അതിവേഗം അതിന്റെ നാശത്തിലേക്ക് ഓടുന്നതായി നാം മനസ്സിലാക്കുന്നു. ആധുനികലോകം വികസനത്തിന്റെ പേരിൽ നാം പാർക്കുന്ന ഭൂമിയെ നശിപ്പിക്കുന്നു. മനുഷ്യൻഎന്ന പേര് ദുഷ്ടതയുടെ പര്യായമായി മാറിയിരിക്കയാണ്.

**2022 സംഭവബഹുലമായിരുന്നു. അടുത്ത വർഷവും യാതൊരു പ്രതീക്ഷയ്ക്കും വകയില്ലാതെ നമ്മെ എതിരേൽക്കുകയാണ്. എന്നാൽ ദൈവജനത്തിന്റെ പ്രത്യാശ നമ്മുടെ കർത്താവിന്റെ വരവ് മാത്രമാണ്. 1 കൊരി. 15:58 പ്രകാരം നമ്മൾക്ക് മുന്നോട്ട് പോകാം.**

ദൈവത്തെ മറന്നാൽ ഈ ഭൂമിയിൽ എന്തൊക്കെ സംഭവിക്കും എന്നത് ഇന്ന് നമ്മൾക്ക് നേരിൽ കാണാം. ദൈവം ഒരു സൂക്ഷ്മവൈറസിനെക്കൊണ്ട് ഭൂമിയുടെ നിയന്ത്രണം ഏറ്റെടുക്കാം എന്നതും നമ്മൾക്ക് കാട്ടിത്തന്നു. എന്നാൽ നാം കാലത്തിന്റെ ചുവരെഴുത്ത് വായിക്കുന്നുണ്ടോ ?

വീണ്ടും നാം ഒരു പുതുവർഷത്തിലേക്ക് കടക്കുമ്പോൾ 'ഇത്രത്തോളം യഹോവ സഹായിച്ചു എബൻ-ഏസർ' എന്ന് പറയാതിരിക്കാൻ ആർക്കും സാദ്ധ്യമല്ല. പല പ്രശ്നങ്ങളിലൂടെയും കടന്നു പോകുമ്പോഴും ലോകത്തെ ജയിച്ച നമ്മുടെ കർത്താവ് നമ്മോട് കൂടെയുണ്ടെന്ന ധൈര്യം നമ്മൾക്കുണ്ട്. ഈ ശരീരത്തിൽ രോഗവും ദുഖവും അനുഭവിക്കുമ്പോഴും 'ഈ താഴ്ചയുള്ള ശരീരം നമ്മുടെ കർത്താവിന്റെ മഹത്വമുള്ള ശരീരത്തോടെ അനുരൂപമായ രൂപാന്തരപ്പെടും' എന്നുള്ള പ്രത്യാശ നമ്മൾക്കുണ്ട്. ലോകത്തിൽ പ്രത്യാശയോടെ ജീവിക്കുന്നവർ ദൈവജനം മാത്രം.

എന്നാൽ ദൈവം ലോകത്തിൽ വലിയ ഉത്തരവാദിത്വങ്ങൾ നമ്മെ ഏല്പിച്ചിട്ടുണ്ടെന്ന സത്യം നാം ഓർക്കുന്നുണ്ടോ ? നമ്മെ 'ഭൂമിയുടെ ഉപ്പായും ലോകത്തിൽ വിളക്കായും നിർത്തിയിരിക്കയാണ്'. 'ഉപ്പ് കാരമില്ലാതെ പോകുവാൻ' അനുവദിക്കല്ലേ. നമ്മുടെ കർത്താവ് നമ്മെ ഏല്പിച്ചിരിക്കുന്ന കാര്യങ്ങൾ അതെ ഗൗരവത്തോടെ ചെയ്തുതീർക്കേണ്ടിയിരിക്കുന്നു. അതിനുള്ള ദൈവകൃപ ദൈവം തരും.

പുതിയ തീരുമാനങ്ങളോടെ ദൈവത്തിലുള്ള പ്രത്യാശയോടെ 2023 നമ്മുടെ കർത്താവിന്റെ വരവിന്റെ വർഷമായി വിശ്വസിച്ച് മുമ്പോട്ടു പോകാം. ഇത് 'ലാവോദിക്യ' കാലമാണ് എന്നുള്ള പഴയ ശൈലി നമ്മൾക്ക് ഉപേക്ഷിക്കാം. നമ്മുടെ കുറവുകൾ കണ്ടെത്തി അത് നികത്തി മുമ്പോട്ട് പോകാം. പ്രാർത്ഥനക്ക് കൂടുതൽ സമയം കണ്ടെത്താം. കർത്താവിന്റെ വരവിനായി ഒരുക്കത്തോടെ കാത്തിരിക്കാം. ദൈവകൃപയിൽ കൂടുതൽ ആശ്രയിക്കാം. ദൈവം നമ്മെ ഏവരെയും സഹായിക്കട്ടെ.


# റാന്നി ബ്രദറൺ കൺവൻഷൻ

ബ്രദറൺ ആഡിറ്റോറിയം ഇട്ടിയപ്പാറ | 2023 ജനുവരി 24 ചൊവ്വ മുതൽ 29 ഞായർ വരെ

**പ്രസംഗകർ**

**സുവി. ജോൺ കുര്യൻ കോട്ടയം**
**സുവി. ജോസ് മാത്യൂസ് മംഗലാപുരം**
**സുവി. പി.ജി.ജെയിംസ് തണ്ണിത്തോട്**

കർത്താവിൽ പ്രിയരെ,
ദൈവഹിതമായാൽ ഈ വർഷത്തെ റാന്നി കൺവൻഷൻ 2023 ജനുവരി 24 ചൊവ്വ മുതൽ 29 ഞായർ വരെ ഇട്ടിയപ്പാറ ബ്രദറൺ ആഡിറ്റോറിയത്തിൽ നടത്തപ്പെടുന്നതാണ്. റാന്നിയിലെ 22 പ്രാദേശിക ബ്രദറൺ സഭകളുടെ ചുമതലയിൽ നടത്തപ്പെടുന്ന ഈ യോഗങ്ങളിൽ അനുഗ്രഹീത ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുന്നു. സഹോദരന്മാരായ ജോൺലി ചാൾസിന്റെയും ജോസ്‌ലി എബ്രഹാമിന്റെയും നേതൃത്വത്തിൽ കൺവൻഷൻ ഗായകസംഘം ഗാനങ്ങൾ ആലപിക്കുന്നു. എല്ലാ സഹോദരീ സഹോദരന്മാരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

| തീയതി | പകൽയോഗങ്ങൾ | | | രാത്രിയോഗങ്ങൾ | |
|---|---|---|---|---|---|
| 24 ചൊവ്വ | | | | 6.30 pm- 8.30 pm | ജോസ് മാത്യൂസ് |
| 25 ബുധൻ | 10.00 am -12.00 pm | പൊതുയോഗം | ജോസ് മാത്യൂസ് | 6.30 pm- 8.30 pm | ജോസ് മാത്യൂസ് |
| 26 വ്യാഴം | 9.30 am - 12.30 pm | ബാലസംഘം | എബ്രഹാം ജേക്കബ് | 6.30 pm- 8.30 pm | പി.ജി. ജെയിംസ് |
| 27 വെള്ളി | 10.00 am - 12.00 pm | സോദരീസമാജം | പി.ജി.ജെയിംസ് | 6.30 pm- 8.30 pm | പി.ജി. ജെയിംസ് |
| 28 ശനി | 10.00 am - 1.00 pm | കുടുംബസംഗമം (YMEF) | പി.ജി.ജെയിംസ് | 6.30 pm- 8.30 pm | ജോൺ കുര്യൻ |
| 29 ഞായർ | 10.00 am - 1.00 pm | ആരാധന | ജോൺ കുര്യൻ | | |

റാന്നി ബ്രദറൺ കൺവൻഷനുവേണ്ടി,
പ്രോഗ്രാം കമ്മറ്റി


1-ാം പേജ് തുടർച്ച

## ആരാധനയും അനുകരണകലയും

ഇനി ദാവീദ് തന്റെ പ്രാർത്ഥനാ സമയത്തെപ്പറ്റി പറയുന്നതു കൂടെ നോക്കുക. ഞാൻ വൈകുന്നേരത്തും കാലത്തും ഉച്ചയ്ക്കും സങ്കടം ബോധിപ്പിച്ച് കരയും (സങ്കീ. 55:17). നമ്മുടെ രീതിയനുസരിച്ച് പറയുമ്പോൾ കാലത്തും ഉച്ചയ്ക്കും വൈകുന്നേരത്തും എന്നാകും.

നമുക്ക് ഒരുക്കനാളിലേക്ക് തിരികെ വരാം. അന്ന് ഒരുക്കനാൾ ആയിരുന്നു, ശബ്ബത്തും ആരംഭിച്ചു. സുഗന്ധവർഗ്ഗവും പരിമളതൈലവും ഒരുക്കി കൽപനയനുസരിച്ച് ശബ്ബത്തിൽ സ്വസ്ഥമായിരുന്നു. അവർ ഒരുക്കിയ സുഗന്ധവർഗ്ഗമെടുത്ത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അതികാലത്ത് കല്ലറക്കൽ എത്തി (ലൂക്കോസ്. 23:54-24:1). ഞായറാഴ്ച രാവിലെ എഴുന്നേറ്റ് തിരക്കിട്ട് ഒരുക്കുകയായിരുന്നില്ല. ഒരുക്കി വെച്ചിരിക്കുകയായിരുന്നു. അതുകൊണ്ടാണവർക്ക് അതിരാവിലെ ഇരുട്ടുള്ളപ്പോൾ തന്നെ പുറപ്പെടാനായത്. കർത്താവിനെ കാണാനുള്ള ആഗ്രഹത്തിന്റെ തീവ്രത.

അബ്രഹാം യിസഹാക്കിനെ യാഗമർപ്പിക്കാൻ സകല സന്നാഹങ്ങളുമായാണ് പുറപ്പെട്ടത്. അബ്രഹാം അതികാലത്ത് എഴുന്നേറ്റ് കഴുതയ്ക്ക് കോപ്പിട്ടു കെട്ടി ബാല്യക്കാരിൽ രണ്ടുപേരെയും തന്റെ മകൻ യിസഹാക്കിനെയും കൂട്ടി ഹോമയാഗത്തിനുള്ള വിറകു കീറി എടുത്തുകൊണ്ട് പുറപ്പെട്ടു. തീ, വിറക്, കത്തി, ഇസഹാക്ക് (യാഗമൃഗം) ആരാധനയ്ക്ക് വേണ്ടതെല്ലാം സജ്ജം. മോറിയാമലയുടെ താഴ്‌വാരത്തുവച്ച് അബ്രഹാം പരിചാരകരോട് പറഞ്ഞു, നിങ്ങൾ കഴുതയുമായി ഇവിടെ ഇരിക്കുവിൻ. ഞാനും ബാലനും അവിടത്തോളം ചെന്ന് ആരാധന കഴിച്ച് മടങ്ങിവരാം. ഒരുക്കിക്കൊണ്ടുവന്ന അസംസ്കൃത വസ്തുക്കൾ ആരാധനയായി ദൈവസന്നിധിയിലർപ്പിക്കുന്നതിന് തടസ്സമായേക്കാവുന്നതെല്ലാം അകറ്റി നിർത്തുകയാണ് അബ്രഹാം. ആരാധനയുടെ ഏകാഗ്രത നഷ്ടമാക്കുന്നതൊന്നും കൂടെ പാടില്ലെന്ന നിർബന്ധം

ദൈവവചനം പഠിക്കുന്നവനും അങ്ങനെ പാപത്തോടകന്ന് ജീവിക്കുന്നവനും ജീവിതം വിശുദ്ധതയിൽ സൂക്ഷിക്കുന്നവനുമാണ് ഒരു നല്ല ആരാധകൻ. ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു (സങ്കീ. 119:11). വചനവുമായി നിരന്തരം സമ്പർക്കം പുലർത്തുന്നവരുടെ ഹൃദയം ശുഭവചനത്താൽ കവിയാൻ തുടങ്ങും. ഇങ്ങനെ ഹൃദയം നിറഞ്ഞു കവിയുന്നത് വായ് സംസാരിക്കും. അതുകൊണ്ടാണ് ഭക്തൻ പാടിയത്. "നിനക്ക് സ്തോത്രം ചെയ്യാൻ ഞാൻ അർദ്ധരാത്രിയിൽ എഴുന്നേൽക്കുന്നു" (119:62). രാവിലെ വരെ അത് അടക്കിവയ്ക്കാനാവില്ല. നൂറുശതമാനവും നിറഞ്ഞ ഒരു പാത്രത്തിങ്കലേക്ക് പിന്നെയും പകർന്നുകൊണ്ടിരുന്നാൽ അത് കവിഞ്ഞൊഴുകുന്നതുപോലെയാണ് ഭക്തഹൃദയം. അത് ദൈവസ്തവങ്ങളാൽ സമ്പന്നമായിരിക്കും. എന്റെ കിടക്കയിൽ നിന്നെ ഓർക്കുകയും രാത്രിയാമങ്ങളിൽ നിന്നെ ധ്യാനിക്കുകയും ചെയ്യുമ്പോൾ എന്റെ പ്രാണന് മജ്ജയും മേദസ്സും കൊണ്ട് എന്നപോലെ തൃപ്തി വരുന്നു. എന്റെ വായ് സന്തോഷമുള്ള അധരങ്ങളാൽ നിന്നെ സ്തുതിക്കുന്നു. എന്നല്ലേ ദാവീദ് പാടിയത് (സങ്കീ. 63:5)

രാത്രിയാമങ്ങളിലും ദൈവത്തെ ധ്യാനിക്കുന്ന ദാവീദ് പറയുന്നത് രാവിലെ ഞാൻ നിനക്കായ് ഒരുക്കി കാത്തിരിക്കും, എന്നാണ് (5:3) വചന വായനയിൽ, ധ്യാനത്തിൽ, ദൈവ സാന്നിധ്യത്തിൽ ജീവിക്കുന്നവരുടെ ഹൃദയങ്ങൾ സദാ ആരാധനയ്ക്കായി ഒരുക്കപ്പെട്ടതായിരിക്കും. ഹൃദയം നിറഞ്ഞുകവിയുന്ന ആരാധന ആ പവിത്രപാദാരവിന്ദങ്ങളിലർപ്പിച്ച് സായൂജ്യമടയാൻ, വിശുദ്ധന്മാരുമായുള്ള കൂട്ടായ്മ ആചരിക്കാൻ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിനായി അവർ അക്ഷമരായ് കാത്തിരിക്കും. കപടമില്ലാത്ത അധരങ്ങളിലൂടെ അവർ പറയും കർത്താവേ, ഒരുക്കിക്കൊണ്ടുവന്ന ആരാധന തിരുമുമ്പിലർപ്പിക്കുന്നു. തികഞ്ഞ ചാരിതാർത്ഥ്യത്തോടെ അവർ പാടും "സന്നാഹമോടെ സ്തുതിപാടിടുന്നേൻ, ദേവ, സന്നാഹമോടെ സ്തുതി പാടിടുന്നേൻ!" (സന്നാഹം -ഒരുക്കം).

അങ്ങയല്ലാത്തവരും പാടും, സ്തോത്രം ചെയ്യും. കർണാനന്ദകരമായിതന്നെ. പരിശീലനം കൊണ്ട് അനുകരണകലയിൽ വൈദഗ്ദ്ധ്യം സിദ്ധിച്ച കലാകാരനെപ്പോലെ അതും ആരാധനയായി നാം തെറ്റിദ്ധരിക്കുന്നു. ആമേൻ പറയുന്നു. ●

## ധ്വനി ബൈബിൾ ക്വിസ് – 35
## ശമുവേലിന്റെ ഒന്നാം പുസ്തകം

1. "നീ എന്റെ ജീവന് കെണി വയ്ക്കുന്നത് എന്തിന്?" ആര് ആരോടു പറഞ്ഞു?
2. ദൈവം വേറൊരു ഹൃദയം കൊടുത്തത് ആർക്ക്?
3. യഹോവയുടെ കൈ ഭാരമായിരുന്നത് ആർക്ക്?
4. ശമുവേൽ 'മിഥ്യാവസ്തു' എന്ന് വിശേഷിപ്പിച്ചത് എന്തിനെ?
5. ഒരു കാട്ടുകോഴിയോടും, ചെള്ളിനോടും തന്നെത്തന്നെ സാദൃശ്യപ്പെടുത്തിയത് ആര്?
6. ഏലിയുടെ പുത്രന്മാർ ചെയ്ത ഏറ്റവും വലിയ പാപം എന്ത്?
7. ശമുവേൽ യിസ്രായേൽ ജനത്തിന് ന്യായപാലനം ചെയ്തത് എവിടെ വച്ച്?
8. ആരുടെ മരണത്തിലാണ് ദാവീദ് യഹോവയ്ക്ക് സ്തോത്രം ചെയ്തത്?
9. ദേശത്തെ കഷ്ടത്തിലാക്കിയത് ആര്?
10. ശൗൽ ദാവീദിനെ പിടിപ്പാനായി 3 പ്രാവശ്യം തന്റെ ദൂതന്മാരെ അയച്ചത് എവിടെ?

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി ജനുവരി 25**

**വിലാസം: സ്പർജൻ കെ. ജെ, ബൈബിൾ ഭവൻ,**
**റസ്സൽപുരം. പി. ഒ., ബാലരാമപുരം , തിരുവനന്തപുരം – 695 501**
**ഇമെയിൽ : spurjan.kj@gmail.com, വാട്ട്സാപ്പ് നമ്പർ : 9495131875**

ചീഫ് എഡിറ്റർ : സാം സഖറിയ
അസോ. എഡിറ്റർ : സാമുവൽ തോമസ്
മാനേജിംഗ് എഡിറ്റർ : ജോയികുമാർ വി.കെ.
സർക്കുലേഷൻ മാനേജർ : സ്പർജൻ കെ.ജെ.
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : ₹ 200/-
വിദേശങ്ങളിൽ : ₹ 3000/-

വാർത്തകളും രചനകളും ഇ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയയ്ക്കുക.
വരിസംഖ്യയും സംഭാവനകളും സുവിശേഷധ്വനിയെന്ന് മാത്രമെഴുതി മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയ്ക്കുക. പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

**Bank Details:**
Account Name : **Suviseshadhwani**
**CSB BANK**, Thiruvananthapuram Main Branch
Account No: 0096-04073006-195001
IFSC Code : CSBK 0000096

**തിരുമൊഴി**

"എല്ലാ തൊഴിലുംകൊണ്ടു ലാഭം വരും; അധരചർവ്വണംകൊണ്ടോ ഞെരുക്കമേ വരൂ." (സദൃ. 14:23)


Every Tribe... Every Language

## എന്റെ ജനം പ്രാർത്ഥിക്കുന്നുവെങ്കിൽ

# രാജസ്ഥാനിലെ ഗോത്രവർഗ്ഗക്കാർ

**മാർവാറി : ജനസംഖ്യ 78 ലക്ഷം.**

രാജസ്ഥാനിലെ ജോഡ്പൂർ, നാഗൂർ, പാലി, ജാലോർ, ബാർമീർ എന്നീ ജില്ലകളിലും നേപ്പാളിലും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും ഇവരെ കാണാം.




ഇവരുടെ പ്രത്യേകത അവർ വ്യാപാരത്തിൽ അതി സമർത്ഥരാണെന്നതാണ്. ആന്ധ്രയിൽ അവർ കുടുംബങ്ങളായി താമസിച്ച് കച്ചവടം ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. സാമ്പത്തികമായി ഉന്നത നിലയിലുള്ള ഇവർ സ്വന്ത ഭാഷയിൽ ബൈബിൾ ഇല്ലാത്തതിന്റെ ദാരിദ്ര്യം അനുഭവിക്കുന്നവരാണ്. ഇവരുടെ ഭാഷയിലേക്ക് പുതിയ നിയമ പരിഭാഷ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. മാർവാരി ജനതക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.

ഇ.ജെ. പൈലി

## കേരള ബ്രദറൻ ചരിത്രം പ്രസിദ്ധീകരിക്കുന്നു

1938 ലാണ് മഹാകവി കെ.വി. സൈമൺ 'മലങ്കരയിലെ വേർപാടുസഭകളുടെ ചരിത്രം' പുറത്തിറക്കിയത്. വേർപാടു സഭകളുടെ (ബ്രദറൻസഭ) പൊതുവായ വിവരണങ്ങൾക്ക് പുറമേ 148 പ്രാദേശിക സ്ഥലം സഭകളുടെ വിവരണവും 16 വിദേശമിഷനറിമാരുടെയും 29 തദ്ദേശീയരായ പ്രവർത്തകരുടേയും ലഘു ജീവിതവിവരണവുമാണ് അതിൽ അടങ്ങിയിരിക്കുന്നത്. ഈ ഗ്രന്ഥത്തിനു ശേഷം കേരളത്തിലെ ബ്രദറൻ സഭകളുടെ ചരിത്രം വ്യക്തമാക്കുന്ന ഒരു റഫറൻസ് ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല.

ഈ ഒരു പശ്ചാത്തലത്തിലാണ് ബ്രദറൻ എക്കോ അങ്കമാലി 'കേരള ബ്രദറൻ സഭാചരിത്രം vol 1' പ്രസിദ്ധീകരിക്കുവാനാഗ്രഹിക്കുന്നത്. പ്രഥമ വോളിയത്തിൽ എറണാകുളം, തൃശൂർ, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ ബ്രദറൻ സഭകളുടെ സമഗ്രമായ ചരിത്രവും നൂറിലധികം പേരുടെ സാക്ഷ്യവും ജീവിതാനുഭവങ്ങളും ഉൾപ്പെടുത്തുന്നു. വി.എം. പോൾ (ഇടുക്കി), സി.ഡി. സെബാസ്റ്റ്യൻ (ആലപ്പുഴ), കെ.എസ്. ജോസഫ്, പി.പി. വർഗ്ഗീസ് (എറണാകുളം), സാം മനോഹർ, റെജി പി.സി. (തൃശൂർ) എന്നിവർ ഈ ഉദ്യമത്തിന്റെ ജില്ലാ കോർഡിനേറ്റർമാർ ആയിരിക്കും. 2023 ജൂലൈ മാസത്തിൽ പ്രഥമ വോളിയം പ്രസിദ്ധീകരിക്കുവാനാണ് ആഗ്രഹിക്കുന്നത്. പ്രാർത്ഥനയിൽ ഓർത്താലും.

**എ.ഡി. ജെയിംസ്, പബ്ലിഷർ, അങ്കമാലി (ഫോൺ : 9446814115)**

## സുവിശേഷയോഗങ്ങൾ

**നെയ്യാറ്റിൻകര - ആലത്തൂർ ബ്രദറൺ സഭാഹാളിനു സമീപം ഗ്രൗണ്ടിൽ**
**2023 ജനുവരി 13, 14, 15 വൈകുന്നേരം 6 മണി മുതൽ 9 മണി വരെ**
**പ്രസംഗകൻ : സുവി. ഇട്ടി വർഗ്ഗീസ് (കല്ലിശ്ശേരി)**
**ഗാനശുശ്രൂഷ : ജോൺലി ചാൾസ് (റാന്നി)**
**രണ്ടാം ശനിയാഴ്ച : സുവിശേഷപ്രവർത്തനം ഉണ്ടായിരിക്കും**

**അമ്മാനൂർകോണം ബ്രദറൺ സഭാഹാൾ**
**2023 ജനുവരി 20, 21, 22 വൈകുന്നേരം 6.30 മണി മുതൽ 9 മണി വരെ**
**പ്രസംഗകർ : സുവി. ബിനു ശാമുവേൽ (പത്തനംതിട്ട), സുവി. റ്റി.പി. കനകരാജ് (ശാന്തിപുരം)**
**ജനുവരി 22 ഉച്ചയ്ക്ക് 2.00 മുതൽ 5.00 വരെ സണ്ടേസ്കൂൾ വാർഷികം**

# 1 ഫിലേമോൻ ലേഖന പഠനം

## ആമുഖം

**സാംസൺ ഹെൻറി, കൊല്ലം**

**കൊലൊസ്സ്യർക്കുള്ള ഒരു ലേഖനം എഴുതി തിഹിക്കോസിന്റെ പക്കൽ കൊടുത്തയക്കുമ്പോൾ, ഫിലേമോനു ഒരു കത്തുമായി തിഹിക്കോസിനോടൊപ്പം ഒനേസിമോസിനെയും അയച്ചു. ഒനേസിമൊസിനെ ഒററയ്ക്കു തിരികെ അയെക്കാഞ്ഞതിനു പല കാരണങ്ങളുണ്ടായിരുന്നു.**

അറുപത്തിയാറു പുസ്തകങ്ങളുള്ള ബൈബിളിൽ അൻപത്തിയേഴാമത്തെ പുസ്തകവും (57) പുതിയനിയമത്തിൽ പതിനെട്ടാമത്തെ പുസ്തകവുമാണ് (18) ഫിലേമോന്നു എഴുതിയ ലേഖനം. ഒരു അദ്ധ്യായവും ഇരുപത്തിയഞ്ചു വാക്യങ്ങളുമുള്ള ഈ ലേഖനം പൗലൊസ് റോമയിലെ ഒന്നാം പ്രാവശ്യത്തെ രണ്ടു വർഷത്തെ കാരാഗൃഹവാസകാലത്തു എഴുതിയ നാലു ലേഖനങ്ങളിൽ ഒന്നാണ്. കാരാഗൃഹലേഖനങ്ങൾ എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്സ്യർ, ഫിലേമോൻ എന്നിവയാണ്. റോമൻ പട്ടണത്തിലെ കാരാഗൃഹത്തിൽ നിന്നും പൗലൊസ് അകലെ കൊലൊസ്സി പട്ടണത്തിലുള്ള ഫിലേമോനു എഴുതുന്ന ലേഖനമാണിത്. കൊലോസ്സി പട്ടണത്തിൽ താമസിച്ചിരുന്ന വിശ്വാസിയായ ഫിലേമോൻ ഒരു ധനികനുമായിരുന്നു. ഇദ്ദേഹത്തിന്റെ ഭാര്യ അപ്പിയ, മകൻ അർക്കിപ്പൊസ് (ഫിലേ.2). ഇവരുടെ ഭവനത്തിൽ ഒരു സഭാകൂടിവരവുണ്ടായിരുന്നു (ഫിലേ.2). കൊലൊസ്സിയിലുള്ള ഈ സഭ പൗലൊസ് സ്ഥാപിച്ചതല്ല. അവിടെ പൗലൊസ് സന്ദർശിച്ചിട്ടും ഇല്ല (കൊലൊ.1:1–8/2:1). ഒരു പക്ഷേ ഇവർ എഫെസൊസിലെ പൗലൊസിന്റെ പ്രവർത്തനഫലമായി (അപ്പൊ. 19 : 10, 20, 26) രക്ഷിക്കപ്പെട്ടവരായിരിക്കാം. എപ്പഫ്രാസായിരുന്നു ഈ സഭ സ്ഥാപിച്ചതെന്നു കരുതാം.

റോമൻസാമ്രാജ്യത്തിൽ നിയമപ്രകാരം അടിമത്വം അനുവദിച്ചിരുന്നു. സഭയിലെ പല വിശ്വാസികൾക്കും അടിമകൾ ഉണ്ടായിരുന്നു. കൊലൊസ്സ്യസഭയിലെ വിശ്വാസിയായ ഒനേസിമൊസ് ഫിലേമോന്റെ അടിമകളിൽ ഒരുവനായിരുന്നു. യജമാനന്റെ ഭവനത്തിൽ നിന്നും ഏതോ അപഹരിച്ചു കുററം ചെയ്തു ഓടിപ്പോയി ജനബാഹുല്യമുള്ള റോമിൽ ഒനേസിമൊസ് എത്തി. അവിടെ കാരാഗൃഹത്തിലായിരുന്ന പൗലൊസിനെ എങ്ങനെയോ ഒനേസിമൊസ് കാണുവാൻ ഇടയായി. തുടർന്നു പൗലൊസിലൂടെ സുവിശേഷം കേട്ടു മാനസാന്തരപ്പെടുകയും കർത്താവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടു. കാരാഗ്രഹത്തിൽ പൗലൊസിനു വളരെ പ്രയോജനമുള്ള ഒരുവനായി പൗലൊസിനെ ശുശ്രൂഷിച്ചു റോമിൽ പാർത്തു. ഓടിപ്പോയ അടിമയായ അവനെ തിരികെ യജമാനന്റെ അടുക്കൽ അയക്കണമെന്നു പൗലൊസു ആഗ്രഹിച്ചു. ഒനേസിമോസിനും തിരികെ പോകാൻ ആഗ്രഹം ഉണ്ടായി.

കൊലൊസ്സ്യർക്കുള്ള ഒരു ലേഖനം എഴുതി തിഹിക്കോസിന്റെ പക്കൽ കൊടുത്തയക്കുമ്പോൾ, ഫിലേമോനു ഒരു കത്തുമായി തിഹിക്കോസിനോടൊപ്പം ഒനേസിമോസിനെയും അയച്ചു. ഒനേസിമൊസിനെ ഒററയ്ക്കു തിരികെ അയെക്കാഞ്ഞതിനു പല കാരണങ്ങളുണ്ടായിരുന്നു. അക്കാലങ്ങളിൽ അടിമകളുടെ ജീവിതം ഏററവും ദുഷ്ക്കരമായിരുന്നു. ജീവനില്ലാത്ത ഒരു വസ്തുവിനെപ്പോലെ അടിമകളെ യജമാനനു തന്റെ ഇഷ്ടംപോലെ വാങ്ങുവാനും, വിൽക്കുവാനും, ഏതു ഹീനകാര്യങ്ങൾക്കും ഉപയോഗിക്കുവാനും സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ചെറിയ തെററുകൾക്കു പോലും നിർദ്ദയമായി ശിക്ഷിക്കുകയും, ക്രൂശിൽ തറച്ചു കൊല്ലുകയും ചെയ്യുക പതിവായിരുന്നു. ഓടിപ്പോയ അടിമയെ സംബന്ധിച്ചു രണ്ടു പോംവഴികളേ ജീവിതത്തിൽ പ്രതീക്ഷിക്കേണ്ടതുള്ളു. ഒന്നുകിൽ മരണം വരെ ഏതെങ്കിലും ഇരുട്ടറയിൽ ഒളിച്ചു കഴിയുക. അല്ലെങ്കിൽ യജമാനന്റെ നിർദ്ദേശപ്രകാരം റോമൻ പടയാളികളാൽ വേട്ടയാടപ്പെട്ടു അതിക്രൂരമായ മരണം വരിക്കുക. ആയതിനാൽ പൗലൊസ് ഒനേസിമൊസിന്റെ യജമാനനായ ഫിലേമോനു ഒരു കത്തെഴുതി തിഹിക്കൊസു വശം അവനെ സുരക്ഷിതനായി മടക്കി അയക്കുന്നതാണീ ലേഖനം. ഓടിപ്പോയ അടിമയായ ഒനേസിമൊസിനോടു ക്ഷമിക്കുക മാത്രമല്ല ക്രിസ്തീയ ബന്ധത്തിൽ ഒരു സഹോദരനായി കാണണമെന്നും അഭ്യർത്ഥിക്കുന്നു. അവൻ നിന്നോടു വല്ലതും അന്യായം ചെയ്തിട്ടോ കടം പെട്ടിട്ടോ ഉണ്ടെങ്കിൽ അതു എന്റെ പേരിൽ കണക്കിട്ടുകൊൾക എന്നു പൗലൊസു ഒനേസിമൊസിനു വേണ്ടി അപേക്ഷിക്കുന്നു (ഫിലേ.18).

കർത്താവായ യേശുക്രിസ്തു സമൂഹമദ്ധ്യേയുള്ള പകയുടെയും വെറുപ്പിന്റെയും സകല അതിർവരമ്പുകളെയും ഇല്ലാതാക്കി സകലരെയും സ്നേഹിച്ചു. ആണും പെണ്ണും എന്ന വ്യത്യാസമില്ലാതെ ശമര്യരോടും ജാതികളോടും മാത്രമല്ല ധനവാന്മാരോടും ദരിദ്രരോടും പാപികളോടും ഒരുപോലെ തന്റെ സ്നേഹവും കരുണയും ചൊരിഞ്ഞു. പാപികളോടു കൂടെ ഇടപെടുന്ന കർത്താവിനെ "ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ" (മത്താ.11:19) എന്നു വിളിച്ചു പലരും ആക്ഷേപിച്ചു. കർത്താവിന്റെ പാത പിന്തുടർന്ന പൗലൊസ് ജാതികളുടെ അപ്പൊസ്തലൻ എന്ന പേരിനാൽ അറിയപ്പെട്ടു. ഗലാത്യവിശ്വാസികൾക്കെഴുതിയപ്പോൾ യഹൂദനനോ യവനനോ എന്നില്ലാതെ സകലരോടുമുള്ള തന്റെ സ്നേഹവും പ്രവർത്തനവും തന്റെ മനോഭാവവും പ്രഖ്യാപിക്കുന്നു. "അതിൽ യഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല; ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ" (ഗലാ.3:28). സുവിശേഷം വിദ്വേഷത്തിന്റെ സകല സാമൂഹ്യ അതിർവരമ്പുകളെയും ഇല്ലാതാക്കുന്നു. ഇതിന്റെ ഏറ്റവും പ്രായോഗികമായ ഉദാഹരണമാണ് ഇവിടെ ധനികനും യജമാനനുമായ ഫിലേമോനും അടിമയായ ഒനോസിമൊസും തമ്മിലുള്ള ബന്ധം ക്രിസ്തുവിൽ പുതുക്കപ്പെടുന്നത്. അവർ ഇനി ഒരു പിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരന്മാരായിത്തീരുന്നു.

റോമൻ ഭരണഘടന അടിമകളോടു ക്രൂരത പ്രദർശിക്കുമ്പോൾ ബൈബിൾ ഇവരോടു ദയയും സ്നേഹവും കാണിക്കുന്നു ---

ഉല്പ.17:27 -- "വീട്ടിൽ ജനിച്ച ദാസന്മാരും അന്യരോടു അവൻ വിലെക്കു വാങ്ങിയവരുമായി അവന്റെ വീട്ടിലുള്ളവർ എല്ലാവരും അവനോടുകൂടെ പരിച്ഛേദന ഏറ്റു."

പുറ.21:2 -- "ഒരു എബ്രായദാസനെ വിലെക്കു വാങ്ങിയാൽ ആറു സംവത്സരം സേവിച്ചിട്ടു ഏഴാം സംവത്സരത്തിൽ അവൻ ഒന്നും കൊടുക്കാതെ സ്വതന്ത്രനായി പൊയ്ക്കൊള്ളട്ടെ."

പുറ.21:20 -- "ഒരുത്തൻ തന്റെ ദാസനെയോ ദാസിയെയോ തൽക്ഷണം മരിച്ചു പോകത്തക്കവണ്ണം വടികൊണ്ടു അടിച്ചാൽ അവനെ നിശ്ചയമായി ശിക്ഷിക്കേണം."

ലേവ്യ.25:53 -- "അവൻ ആണ്ടോടാണ്ടു കൂലിക്കാരൻ എന്നപോലെ അവന്റെ അടുക്കൽ ഇരിക്കേണം; നീ കാൺകെ അവൻ അവനോടു കാഠിന്യം പ്രവർത്തിക്കരുതു."

ആവ.23:15,16 -- "യജമാനനെ വിട്ടു നിന്റെ അടുക്കൽ ശരണം പ്രാപിപ്പാൻ വന്ന ദാസനെ യജമാനന്റെ കയ്യിൽ ഏല്പിക്കരുതു. അവൻ നിങ്ങളുടെ ഇടയിൽ നിന്റെ പട്ടണങ്ങളിൽ ഏതിലെങ്കിലും തനിക്കു ബോധിച്ചേടത്തു നിന്നോടു കൂടെ പാർക്കട്ടെ; അവനെ ഞെരുക്കം ചെയ്യരുതു."

രക്ഷിക്കപ്പെട്ടവർ ലോകപ്രകാരം എത്ര ഉന്നതരോ, താഴ്ന്നവരോ ആയിരുന്നാലും അവർ ക്രിസ്തുവിൽ ഒന്നാണ്, ദൈവമക്കളാണ്, സഹോദരീ സഹോദരന്മാരാണ് (ഗലാ.3:26–29). ജാതീയചുറ്റുപാടുകളിൽ വസിക്കുന്ന വിശ്വാസികൾ അവരുടെ ലോകജീവിതത്തിൽ മറ്റുള്ളവരോടു കരുണ കാണിക്കുകയും ക്രിസ്തീയസ്വഭാവം വെളിപ്പെടുത്തുകയും വേണമെന്നു ഫിലേമോനു എഴുതിയ ലേഖനത്തിലൂടെ പ്രബോധിപ്പിക്കുന്നു -- ""ആകയാൽ നീ എന്നെ കൂട്ടാളി എന്നു കരുതുന്നു എങ്കിൽ അവനെ എന്നെപ്പോലെ ചേർത്തുകൊൾക. അവൻ നിന്നോടു വല്ലതും അന്യായം ചെയ്തിട്ടോ കടംപെട്ടിട്ടോ ഉണ്ടെങ്കിൽ അതു എന്റെ പേരിൽ കണക്കിട്ടുകൊൾക" (ഫിലേ.17,18) എന്ന വാക്യം ഇതിനെ വെളിപ്പെടുത്തുന്നു.

# ദരിദ്രരെ സമ്പന്നരാക്കുന്ന കൃപയുടെ കരങ്ങൾ

## "അഗതി തന്നെത്താൻ നിങ്കൽ ഏൽപ്പിക്കുന്നു" സങ്കീ.10:14

സി.എച്ച്. സ്പർജൻ

**ആത്മീയ ദാരിദ്ര്യമനുഭവിക്കുന്ന അനേകായിരങ്ങളെ കാണാം. ആത്മീയ നന്മകളൊന്നും ലഭിക്കാതെ ഉഴന്ന് അലയുന്നവർ. അവരുടെ ഏക ആശ്രയം ദൈവസന്നിധി മാത്രം. അവർ തങ്ങളുടെ ജോലികളിൽ ഏറെ വിശ്വസ്തരാണ്.**

എളിയ വിശ്വാസികൾ എപ്പോഴും യഹോവയുടെ ഓർമ്മയിലാണ്. ബലഹീനൻ എപ്പോഴും തങ്ങളെത്തന്നെ കർത്താവിന്റെ ശക്തമായ കൈകളിൽ ഏൽപ്പിച്ച് സുരക്ഷിതരായി വസിക്കും. ദാവീദ് ഒരു കാലത്ത് എല്ലാവരുടെയും പരിഹാസവും നിന്ദയും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ചില അവസരങ്ങളിൽ നീചന്മാരുടെ ഉപദ്രവവും ഏൽക്കേണ്ടി വന്നിട്ടുണ്ട്. തന്റെ തെറ്റുകൾക്ക് താൻ തന്നെ പരിഹാരം കാണുവാൻ ആഗ്രഹിച്ചപ്പോൾ അവ വർദ്ധിക്കുകയാണ് ഉണ്ടായത്. സഹായമറ്റവർക്ക് കർത്താവുമാത്രമേ പരിഹാരമുള്ളൂ. കർത്താവിന്റെ ഭക്തന്മാർ എപ്പോഴും ആശ്വാസത്തിനായി തിരുമുഖത്തേയ്ക്കാണ് നോക്കിക്കൊണ്ടിരിക്കുന്നത്.

പീഡിതർക്കുവേണ്ടി ദൈവം ന്യായവിധി നടത്തിയിട്ടുള്ള ചരിത്രമാണുള്ളത്. അസ്സീരിയൻ ഭരണാധികാരികൾ അതിക്രൂരന്മാരായിരുന്നു. എന്നാൽ ഇന്ന് അവർ ചരിത്രത്തിൽ അവശേഷിക്കുന്നില്ല. യൂഫ്രട്ടീസ്, ടൈഗ്രീസ് നദിയുടെ തീരങ്ങളിൽ ഒരു കാലത്ത് പ്രതാപശാലികളായിരുന്നവർ ഇന്ന് ചണ്ടികൂമ്പാരങ്ങളായി മാറി. അനേകം നിരപാരാധികളായ ഭക്തന്മാരും, ജ്ഞാനികളുമെല്ലാം ഈ ക്രൂരന്മാരുടെ കൈകളിൽ അകപ്പെട്ടു പോയിട്ടുണ്ട്. പിന്നീട് ലോകം കണ്ട ക്രൂരന്മാരായ ഭരണാധികാരികളായിരുന്നു റോമാക്കാർ. അന്നത്തെ ചക്രവർത്തിമാരുടെ രാജകൊട്ടാരത്തിന്റെ ഗോപുരങ്ങൾ ഏറ്റവും ഉന്നതമായിരുന്നുവെങ്കിലും തകർന്ന് പാതാളത്തോളം താണുപോയി. അനേകായിരം അടിമകൾ ദൈവത്തോട് അപേക്ഷിച്ചു, നിലവിളിച്ചു. ദൈവസന്നിധിയിൽ നിന്നും അവർക്ക് ഉദ്ധാരണം ലഭിച്ചു. നീതിമാനായ യഹോവയാണ് നമ്മുടെ യജമാനൻ. അനിതീ ചെയ്യുന്ന യജമാനന്മാർ യഹോവയുടെ കൈയുടെ ഭാരമറിയേണ്ടിവരും.

ആത്മീയ ദാരിദ്ര്യമനുഭവിക്കുന്ന അനേകായിരങ്ങളെ കാണാം. ആത്മീയ നന്മകളൊന്നും ലഭിക്കാതെ ഉഴന്ന് അലയുന്നവർ. അവരുടെ ഏക ആശ്രയം ദൈവസന്നിധി മാത്രം. അവർ തങ്ങളുടെ ജോലികളിൽ ഏറെ വിശ്വസ്തരാണ്. ജീവിതാവസാനം വരെയും അവർ അങ്ങനെ തന്നെ ആയിരിക്കും. കർത്താവ് ദൈവസന്നിധിയിൽ നമുക്കുവേണ്ടി നിൽക്കുന്ന വക്കീലാണ്. ഒരിക്കൽ എസ്കിൽ എന്ന വക്കീൽ ഒരു കൊലയാളിക്കുവേണ്ടി കോടതിയിൽ വാദിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ വാദം കൊലയാളികൾക്ക് ഇഷ്ടമായില്ല. ഒരു തുണ്ടു കടലാസിൽ ഇങ്ങനെ എഴുതി വക്കീലിന് കൊടുത്തു. "എന്റെ കുറ്റം കോടതിയിൽ ഞാൻ തന്നെ വാദിച്ചില്ലെങ്കിൽ ഞാൻ തൂക്കിലേറ്റപ്പെടും"-വക്കീൽ ഇങ്ങനെ പറഞ്ഞു "അങ്ങനെ ചെയ്താൽ നീ തീർച്ചയായും തൂക്കിലേറ്റപ്പെടും" നമ്മുടെയും ജീവിതത്തിൽ അതുതന്നെയാണ് സംഭവിച്ചത്. നമുക്കുവേണ്ടി കർത്താവ് ഒരു വക്കീലിനെപ്പോലെ പിതാവിന്റെ സന്നിധിയിൽ നിൽക്കുകയാണ്. സാത്താൻ നമുക്കെതിരെ പറയുന്ന സകല ആരോപണങ്ങളെയും എതിർത്തുകൊണ്ട് കർത്താവ് നമുക്കുവേണ്ടി നിൽക്കുന്നു. വിശ്വസിച്ചവരെ കർത്താവ് തന്റെ കരങ്ങളിൽ വഹിച്ചിരിക്കകൊണ്ട് നാം സുരക്ഷിതരാണ്.

ഒരു രോഗി ഡോക്ടറോട് തന്റെ രോഗവിവരങ്ങൾ ഒന്നും മറച്ചുവെയ്ക്കാതെ പറയുന്നതുപോലെ സകല പാപരോഗത്തെക്കുറിച്ചും പറയുമ്പോൾ കർത്താവ് വിടുവിച്ച് ആശ്വസിപ്പിക്കും. എല്ലാ വിഷമങ്ങളെയും കർത്താവിനോട് പറയുമ്പോൾ പരിശുദ്ധാത്മാവാം ദൈവം എല്ലാ പ്രതികൂലങ്ങളിൽ നിന്നും വിടുവിച്ച് കൃപയുടെ കരങ്ങളിൽ ശക്തിപ്പെടുത്തും. നിങ്ങൾക്ക് പരിഹരിക്കാൻ കഴിയാത്ത ക്ഷിപ്രകോപം ഉണ്ടോ? എങ്കിൽ കർത്താവിന്റെ പാദത്തിൽ അടുത്തു ചെല്ലുമ്പോൾ അതിനു പരിഹാരം ഉണ്ടാകും. അലസ സ്വഭാവം ഭരിക്കുന്നു എങ്കിൽ കർത്താവ് അതിനും ആശ്വാസം തരും. അത്യാഗ്രഹിയോ, ലോകസ്നേഹിയോ, ജഡികനോ എങ്കിൽ കർത്താവിന്റെ പാദത്തിൽ അണയുമ്പോൾ അതിനു പരിഹാരം ഉണ്ടാകും. ആര് കർത്താവിൽ ആശ്രയിക്കുമോ അവർക്ക് പൂർണ്ണ ആശ്രയമുണ്ട്. ദൈന്യതയോടെ കരയുന്ന നിസ്സഹായന്റെ കരച്ചിൽ കേൾക്കാതെ പോകയില്ല.

പരദേശി മോക്ഷയാത്രയിൽ ക്രിസ്തീയവഴികളിൽ സഞ്ചരിക്കുന്നവരെ സഹായിക്കുവാനായി വിശാല ഹൃദയമുള്ള ഒരാളുണ്ട്. എല്ലാവിധത്തിലുമുള്ള എതിർപ്പുകളെയും പരാജയപ്പെടുത്തി സുരക്ഷിതമായ പാതയിലൂടെ പോകുവാനായി സഹായിക്കും. ഒരു കാലത്ത് കപ്പൽയാത്ര വളരെ ദുഷ്കരമായിരുന്നു. കടൽകൊള്ളക്കാർ കൂട്ടമായി വന്ന് കപ്പലിലുള്ള ചരക്കുകളെല്ലാം കൊള്ളയടിക്കുമായിരുന്നു. അതിനു പ്രതിവിധിയായി ഒരു സൈന്യാധിപന്റെ കീഴിൽ ഒരു കൂട്ടം പടയാളികൾ സംരക്ഷണം ഒരുക്കിയിരുന്നു. മാത്രമല്ല കപ്പലുകളെല്ലാം ഒരുമിച്ചാണ് യാത്ര ചെയ്തിരുന്നത്. സാത്താനും പരിവാരങ്ങളും ദൈവജനത്തെ ആക്രമിക്കുമ്പോൾ കർത്താവിൽ നാം സുരക്ഷിതരാണ്. സാത്താന് നമ്മെ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ആഴികളെ നിയന്ത്രിക്കുന്നവനുമായ കർത്താവ് ദൈവജനത്തിന്റെ വിശ്വാസകപ്പലിനെ തകർക്കുവാൻ ഏൽപ്പിച്ചുകൊടുക്കയില്ല.

നാം ഓരോരുത്തരും കർത്താവിന്റെ കരങ്ങളിൽ ശക്തരാണ്. കർത്താവ് തന്റെ ജനത്തെ തന്റെ സുരക്ഷിതമായ തൂവലുകൾ കൊണ്ട് മറയ്ക്കുന്നു. വിശ്വാസികളെ പരിപാലിക്കുന്നതിന് ദൈവദൂതന്മാരെ സ്വർഗ്ഗത്തിൽ നിന്നും അയച്ചിരിക്കുകയാണ്. പ്രയോജനമില്ലാതിരുന്ന, ബലഹീനരായിരുന്ന വിശ്വാസികളെ കർത്താവിന്റെ കരുണയാൽ ഏറ്റവും പ്രയോജനമുള്ളവരാക്കി. ദൈവകൃപയാൽ എന്റെ ഹൃദയം സമാധാനം കൊണ്ടു നിറയുന്നു. നിങ്ങൾ കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുവാൻ തുടങ്ങുമ്പോൾ പൂർണ്ണമായും കർത്താവിൽ സമർപ്പിക്കുക.

പഴയനിയമകാലത്ത് ഓരോ ഭവനത്തിലും ധാരാളം അടിമകളായ ദാസന്മാർ ഉണ്ടായിരുന്നു. യജമാനനേയും, ഭവനത്തെയും വിട്ടുപോകുവാൻ അനേകം ദാസന്മാർക്ക് കഴിയുകയില്ലായിരുന്നു. അങ്ങനെയുള്ള ദാസന്മാർ യജമാനനോടു പറയും. പിന്നീട് അവരെ സ്വതന്ത്രരാക്കുമ്പോൾ "യജമാനനേയും ഭവനത്തിലുള്ളവരെയും വിട്ടുപോകുവാൻ എനിക്ക് മനസ്സില്ല. യജമാനനെ സേവിച്ച് ജീവിതകാലം മുഴുവനും യജമാനന്റെ ഭവനത്തിൽ നിന്നുകൊള്ളാം. എനിക്ക് സ്വതന്ത്രനായി പോകേണ്ട". ഉടനെ യജമാനൻ ആ ദാസനെ വീടിന്റെ കട്ടിളക്കാലിന്റെ സമീപത്തു നിർത്തി അവന്റെ കാത് കുത്തിതുളയ്ക്കും. ആ ദാസൻ എന്നും യജമാനനോടുകൂടി ഭവനത്തിലായിരിക്കും.

നാം കർത്താവിൽ വിശ്വസിച്ചപ്പോൾ ഉഭയസമ്മതം ചെയ്ത ദാസനെപ്പോലെ ദൈവഭവനത്തിലേക്ക് ചേർക്കപ്പെട്ടവരാണ്. കർത്താവിനെ ജലത്തിൽ സാക്ഷീകരിച്ചപ്പോൾ ഇങ്ങനെ പരസ്യമായി പ്രഖ്യാപിച്ചു. " ഞാൻ കർത്താവിനോടുകൂടി മരിച്ചു, അടയ്ക്കപ്പെട്ടു. ഉയർത്തെഴുന്നേറ്റു. ഇനിയും പൂർണ്ണമായും കർത്താവിനായി സമർപ്പിക്കപ്പെട്ടിരിക്കുന്നു". നാം ദൈവഭവനത്തിന് അവകാശികളായി. നിങ്ങൾ ലോകപ്രകാരം ഒന്നുമില്ലാത്തവനായിരിക്കാം. എന്നാൽ ക്രിസ്തുവിൽ മഹാസമ്പന്നനാണ്. സ്വർഗ്ഗത്തിലെ സകല നിക്ഷേപവും തരുവാനായി കർത്താവ് കാത്തിരിക്കുന്നു. നിത്യത മുഴുവനും കർത്താവിനോടുകൂടി വസിക്കുവാനിരിക്കുന്ന പ്രത്യാശയുടെ നാളുകളെ ആവലോടെ നോക്കി നമ്മുടെ നാളുകളെ കഴിക്കാം.

**വിവർത്തനം : സ്കറിയാ വർഗീസ് കളമശ്ശേരി**

1-ാം പേജ് തുടർച്ച

## "ഞാൻ ഇപ്പോൾ മൂന്നു സംവത്സരമായി ഈ അത്തിയിൽ ഫലം തിരഞ്ഞുവരുന്നു കാണുന്നില്ലതാനും; അതിനെ വെട്ടികളക; അതു നിലത്തെ നിഷ്ഫലമാക്കുന്നതെന്തിന്"? [ലൂക്കോ. 13:7]

"നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അൽഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും, രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു" (1 പത്രോ. 2:9)

**2. ഫലം അന്വേഷിക്കുന്ന യജമാനൻ:** "അവൻ അതിൽ ഫലം തിരഞ്ഞുവന്നു" (ലൂക്കോ. 13:6) പുറമ്പറമ്പിൽ കിടക്കേണ്ട അത്തിമരത്തെ, യജമാനൻ തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടുവളർത്തിയപ്പോൾ യജമാനന്റെ മനസ്സിൽ തന്റെ അത്തി ഫലം കായ്ക്കും എന്ന പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ നല്ല മണ്ണും, ആവശ്യത്തിന് പരിചാരകരെയും സുരക്ഷിതത്തിന് ആവശ്യമായ വേലിയും ലഭിച്ച അത്തി തന്റെ ഉത്തരവാദിത്വം മറന്നുപോയി. ഇന്നത്തെ ക്രൈസ്തവ സഭയും അതിലെ വിശ്വാസികളും പലപ്പോഴും ഈ അത്തിമരത്തെപ്പോലെ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ മറന്ന് നാം യജമാനനുവേണ്ടി ഫലം പുറപ്പെടുവിക്കേണ്ടതാകുന്നു എന്ന യാഥാർത്ഥ്യത്തെ വിസ്മരിച്ചുപോകുന്നത് എത്ര ഭയങ്കരം! "നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല; ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു; നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ ആക്കിവെച്ചുമിരിക്കുന്നു (യോഹ. 15:16). എവിടെയാണ് നമ്മെ ആക്കിവച്ചിരിക്കുന്നത്? സ്ഥലം സഭകളിൽ; ഭാഗ്യവശാൽ നാം ഈ ബോവസ്സിന്റെ വയലിലായി എന്നതല്ലാതെ നമുക്കെന്താണ് പ്രശംസിക്കാനുള്ളത്?

**3. ന്യായവിധിയുടെ വാക്കുകൾ:** "അതിനെ വെട്ടികളക (വാക്യം:9) അതു നിലത്തെ നിഷ്ഫലമാക്കുന്നതെന്തിന്?" ദീർഘക്ഷമയുടെ അന്ത്യത്തിൽ യജമാനനിൽ നിന്നുയരുന്ന ന്യായവിധിയുടെ വാക്കുകളാണ് നാം ഇവിടെ കാണുന്നത്. "ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവട്ടിൽ കോടാലി വച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിലിട്ട് ചുട്ടുകളയുന്നു" (ലൂക്കോ. 3:9). തോട്ടക്കാരന്റെ ക്ഷമയോടുകൂടിയ കാത്തിരിപ്പാണ് ഇവിടെ കാണുന്നത്. ഏതു സമയത്തും വെട്ടു വീഴാം. ഫലം പുറപ്പെടുവിക്കാത്ത വിശ്വാസി സഭയിലും, സമൂഹത്തിലും നിഷ്ഫലന്മാരാകുന്നു. അവരോട് ഇടപെടുകയും കണക്ക് ചോദിക്കുകയും ചെയ്യുന്ന യജമാനൻ ഉണ്ട്. ഫലം കായ്ക്കുവാൻ എല്ലാ സൗകര്യങ്ങളും, മൂന്നുവർഷത്തെ സമയവും, വലിയ പ്രതീക്ഷയും യജമാനൻ അത്തിയോട് കാണിച്ചു. ദൈവത്തിന്റെ കരുണയും കൃപയും നീങ്ങിപ്പോകുന്ന ഒരു കാലം വരുന്നു എന്ന യാഥാർത്ഥ്യം നാം മറന്നുപോകരുത്. ഇന്ന് നമുക്ക് ലഭിച്ചിരിക്കുന്ന സമയവും സാഹചര്യങ്ങളും നാളെ ലഭിച്ചില്ല എന്നുവരാം; ഫലം പുറപ്പെടുവിക്കാത്തവരോടും ദൈവം ഇടപെടും. "ഞാൻ എന്റെ മുന്തിരിത്തോട്ടത്തിൽ ചെയ്തിട്ടുള്ളതല്ലാതെ ഇനി അതിൽ എന്തുചെയ്വാനുള്ളൂ?" മുന്തിരി കായ്ക്കുമെന്ന് ഞാൻ കാത്തിരുന്നു. അതു കാട്ടുമുന്തിരിങ്ങ കായ്ച്ചത് എന്ത്? ആകയാൽ വരുവിൻ, ഞാൻ എന്റെ മുന്തിരിത്തോട്ടത്തോട് എന്തു ചെയ്യും എന്ന് നിങ്ങളോട് അറിയിക്കാം. ഞാൻ അതിന്റെ വേലി പൊളിച്ചുകളയും. അതു തിന്നുപോകും, ഞാൻ അതിന്റെ മതിൽ ഇടിച്ചുകളയും; അതു ചവുട്ടിമെതിച്ചുപോകും, ഞാൻ അതിനെ ശൂന്യമാക്കും" (യെശയ്യാ.5:5-6) പ്രിയരെ, നാം ഭയപ്പെടണം. ജീവനുള്ള ദൈവത്തിന്റെ കൈയ്യിൽ വീഴുന്നത് എത്ര ഭയങ്കരം.

**4. മദ്ധ്യസ്ഥത നിൽക്കുന്ന തോട്ടക്കാരൻ:** "അതിനെ വെട്ടികളക" എന്ന യജമാന്റെ കൽപന ഉയരുമ്പോഴും, അത്തിക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്യുന്ന തോട്ടക്കാരന്റെ കൃപ നിറഞ്ഞ വാക്കുകൾ. "കർത്താവേ ഞാൻ അതിനു ചുറ്റും കിളച്ച് വളം ഇടുവോളം ഈ ആണ്ട് കൂടെ നിൽക്കട്ടെ; മേലാൽ കായ്ച്ചില്ലെങ്കിലോ? ഇല്ലെങ്കിൽ വെട്ടിക്കളയാം" (ലൂക്കോ. 13:8). വെട്ടിക്കളയാൻ ആഹ്വാനം ചെയ്ത യജമാനനും അത്തിക്കും നടുവിൽ കൃപയുടെ മദ്ധ്യസ്ഥത നമുക്കിവിടെ കാണാം. ഫലം കായ്ക്കാത്ത അത്തിയുടെ സകല ഉത്തരവാദിത്വങ്ങളും സ്വയം ഏറ്റെടുത്ത്, യജമാനനോട് ഇടനില നിന്ന് നമ്മൾക്കുവേണ്ടി ഒരാണ്ടു കൂടെ നേടിയെടുത്ത ഈ മദ്ധ്യസ്ഥൻ ഇല്ലായിരുന്നെങ്കിൽ ഈ അത്തി എപ്പോഴേ വെട്ടിക്കളയപ്പെട്ടേനെ. പ്രിയ സഹോദരീ സഹോദരന്മാരെ, നാം പലപ്പോഴും ഫലം പുറപ്പെടുവിക്കാതെ നിഷ്ഫലന്മാരായി തീർന്നിട്ടും ദൈവം നമ്മെ വെട്ടിക്കളയാതെ സൂക്ഷിച്ചിരിക്കുന്നത് നമ്മുടെ കഴിവോ, യോഗ്യതയോ കൊണ്ടല്ല, പിന്നെയോ കൃപയുടെ മദ്ധ്യസ്ഥൻ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നതുകൊണ്ടാകുന്നു. "ഈ ആണ്ടു കൂടെ നിൽക്കട്ടെ" എന്ന മദ്ധ്യസ്ഥന്റെ ഇടപെടലാണ് നമുക്ക് ഈ ഒരു പുതുവർഷം കൂടെ നൽകിയിരിക്കുന്നു. ഓർത്തു നോക്കിയാൽ എത്ര അനേകർ ഈ കാലയളവിൽ വിവിധ കാരണങ്ങളാൽ ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടു. "മേലാൽ കായ്ച്ചില്ലെങ്കിലോ" എന്ന് നമ്മെക്കുറിച്ചുള്ള പ്രതീക്ഷ നിറവേറ്റാൻ ഈ പുതുവർഷം, 2023 ൽ കർത്താവു നമ്മെ സഹായിക്കട്ടെ.

**5. നാം ഫലം കായ്ക്കുന്നവരാകുക :** മുന്തിരിത്തോട്ടത്തിനു നടുവിൽ നടപ്പെട്ട അത്തിയുടെ ഉപമ നമ്മെ പഠിപ്പിക്കുന്ന പാഠം, നാം ഫലസമൃദ്ധിയുള്ളവരാകണം, എന്ന വചനസത്യത്തെയാണ്. "നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി, പെരുകി ഭൂമിയിൽ നിറയുക" (ഉൽപ. 1:28). Be fruitfull and multiply എന്ന കൽപന ദൈവം മനുഷ്യന് നൽകിയുട്ടുള്ളതാണ്. പുതിയ നിയമ വിശ്വാസി, ക്രിസ്തുവാകുന്ന മുന്തിരിയിൽ ചേർന്നിരുന്ന് ഫലം കായ്ക്കണം എന്നും, ഫലം കായ്ക്കാതിരിക്കുന്നത് അപകടകരമായ അവസ്ഥയാണ് എന്നും യോഹ.15-ാം അദ്ധ്യായത്തിലൂടെ വചനം നമ്മെ പഠിപ്പിക്കുന്നു. "നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു. അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും" (യോഹ. 15:8).

ശേഷം 5-ാം പേജിൽ

4-ാം പേജ് തുടർച്ച

# "ഞാൻ ഇപ്പോൾ മൂന്നു സംവത്സരമായി ഈ അത്തിയിൽ ഫലം തിരഞ്ഞുവരുന്നു കാണുന്നില്ലതാനും; അതിനെ വെട്ടികളക; അതു നിലത്തെ നിഷ്ഫലമാക്കുന്നതെന്തിന്"? [ലൂക്കോ. 13:7]

**6. ഫലം കൊണ്ടാണല്ലോ വൃക്ഷത്തെ അറിയുന്നത്:** കർത്താവിനായി ഞാൻ ഫലം കായ്ക്കും എന്നുള്ള തീരുമാനത്തോടു കൂടെ സുവിശേഷവയലിലേക്ക് ഇറങ്ങിത്തിരിച്ച പല സഹോദരങ്ങളുടെയും ഇപ്പോഴത്തെ അവസ്ഥ വളരെ പരിതാപകരമാണ്. ഈ പുതുവർഷത്തിലേക്ക് പ്രവേശിക്കപ്പെട്ടിരിക്കുന്ന നാം വീണ്ടും ഒരു സമ്പൂർണ്ണ സമർപ്പണം ദൈവത്തിനുവേണ്ടി ചെയ്യേണ്ടതായിരിക്കുന്നു. സമർപ്പണം, സമർപ്പണം എന്നു പറഞ്ഞ് അതിന്റെ മൂർച്ച നഷ്ടപ്പെട്ടിരിക്കുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്. നമ്മെ ഏൽപ്പിക്കുന്ന ഏതൊരു സേവനവും നാം സന്തോഷത്തോടും മനസ്സോടും കർത്താവിന് എന്നവണ്ണമാണോ ചെയ്യുന്നത്? നമ്മുടെ നിരൂപണം പോലും ദൂരത്തു നിന്ന് അറിയാവുന്ന വലിയവനായ ദൈവത്തിന്റെ മുൻപിലാണ് നാം ആയിരിക്കുന്നത് എന്ന ഓർമ്മ നമ്മെ ഭരിക്കട്ടെ. ഒരു കൃഷിക്കാരന്റെ നിലം ഉഴുതുകൊണ്ടിരുന്ന ഒരു കാളയുടേയും കഴുതയുടേയും കഥ ഞാൻ വായിച്ചത് ഇപ്രകാരമാണ്. ഈ കൃഷിക്കാരൻ പണമില്ലാത്തതുകൊണ്ട്, ഒരു കാളയേയും, കഴുതയേയും കൊണ്ടാണ് നിലം ഉഴുതുകൊണ്ടിരുന്നത്. യജമാനൻ തങ്ങളെ മുതലെടുക്കുകയാണ് എന്നു ചിന്തിച്ച കഴുത, കാളയോട്, "രോഗം അഭിനയിക്കുന്നുവോ!" എന്നു ചോദിച്ചു. പക്ഷേ കാള തീരുമാനിച്ചു, ഞാൻ യജമാനനുവേണ്ടി ജോലി ചെയ്യും എന്ന്. അങ്ങനെ കാള ഒറ്റക്ക് പാടത്ത് വേല ചെയ്തു മടങ്ങി; വന്നപ്പോൾ, കഴുത ചോദിച്ചു "യജമാനൻ എന്തു പറഞ്ഞു"? കാള പറഞ്ഞു "യജമാനൻ ഒന്നും പറഞ്ഞില്ല വളരെ കഠിനമായിരുന്നു". അങ്ങനെ അടുത്ത ദിവസവും കാള ജോലിക്കു പോയി, കഴുത രോഗം നടിച്ചു കിടന്നു. മൂന്നാം ദിവസവും അങ്ങനെ തന്നെ തുടർന്നു. കഴുത കാളയോട് വീണ്ടും ചോദിച്ചു "എന്നെക്കുറിച്ച് യജമാനൻ വല്ലതും പറയുന്നുണ്ടോ?" കാള പറഞ്ഞു നിന്നെക്കുറിച്ച് ഒന്നും പറഞ്ഞില്ല. പക്ഷേ വരുന്ന വഴി യജമാനൻ ഇറച്ചി കടക്കാരനോട് സംസാരിക്കുന്നതു കേട്ടു". കഴുത നടുങ്ങിപ്പോയി (കടപ്പാട്).

പ്രിയരേ, "ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവട്ടിൽ കോടാലി വെച്ചിരിക്കുന്നു". അതിനാൽ ഒരു കാര്യം വ്യക്തമാണ്, ഏത് സമയവും വെട്ടുവീഴാം. നമുക്കധികകാലം നമ്മുടെ ദൈവത്തെ കപട ഭക്തിയിൽ സേവിക്കാൻ കഴികയില്ല. നാം ദൈവത്തെ ഭയപ്പെടണം. ദൈവത്തിന്റെ വാക്കുകൾ ഓർക്കുക" ഇങ്ങനെ ശീതവാനുമല്ല, ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്ന് ഉമിണ്ണുകളയും" (വെളി. 3:16). ഏതെങ്കിലും ഒരു സാധനം ഉപയോഗമില്ലെങ്കിൽ അതെടുത്ത് അലമാരിയിൽ വെക്കും. നമ്മുടെ വീടുകളിൽ ഇങ്ങനെ ഉപയോഗമില്ലാതെ ഏതെല്ലാം സാധനങ്ങൾ അലമാരിയിൽ ഇരിക്കുന്നു. അതുപോലെ ആത്മീയതയിലും അലമാരയിൽ ഇരിക്കുന്ന അനേകർ ഉണ്ട്. അനേകപുസ്തകങ്ങൾ, പാത്രങ്ങൾ അലമാരിയിൽ ഇരിക്കുന്നു. ഒരിക്കലും നമ്മുടെ അവസ്ഥ ഈ നിലയിലായിരിക്കരുത്.

അപ്പോസ്തലന്റെ വാക്കുകളെ നമുക്കോർക്കാം "ഒന്നു ഞാൻ ചെയ്യുന്നു. പിൻപിലുള്ളതിനെ മറന്നും, മുമ്പിലുള്ളതിനായി ആഞ്ഞും കൊണ്ട്, പരമവിളിയുടെ വിരുതിനായി ലാക്കിലേക്കോടുന്നു". മാത്രമല്ല, കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരാം.

"പലപ്പോഴും ചെയ്ത മഴ കുടിച്ചിട്ടും ഭൂമി കൃഷി ചെയ്യുന്നവർക്ക് ഹിതമായ സസ്യാദികളെ വിളയിക്കുന്നു എങ്കിൽ ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കുന്നു. മുള്ളും ഞെരിഞ്ഞിലും മുളപ്പിച്ചാലോ, അതുകൊള്ളരുതാത്തതു, ശാപത്തിനടുത്തതും ആകുന്നു. ചുട്ടുകളക അത്രേ അതിന്റെ അവസാനം (എബ്രാ. 6:7-8). യഥാർത്ഥ വിശ്വാസി മഴ കുടിക്കുന്ന ഭൂമി പോലെയാണ്; പ്രയോജനകരമായ സസ്യാദികൾ മുളപ്പിക്കുന്നു. ദൈവത്താൽ അനുഗ്രഹിക്കപ്പെടുകയും ചെയ്യുന്നു. വിശ്വാസത്യാഗിയും നന്നായി നനച്ച ഭൂമിപോലെയാണ്. പക്ഷേ പാപത്തിന്റെ ഫലമായ മുള്ളും ഞെരിഞ്ഞിലുമാണ് മുളപ്പിക്കുന്നത്. അതു ധാരാളം പ്രാപിക്കുന്നു. എന്നാൽ പ്രയോജനമുള്ള സസ്യാദികളെ ഒരിക്കലും മുളപ്പിക്കുന്നില്ല. അങ്ങനെയുള്ള നിലം ഉപയോഗപ്രദമല്ല; അത് ശാപഗ്രസ്തമാണ്. ചുട്ടുകളകയത്രേ അതിന്റെ അവസാനം (വില്ല്യം മാക്ഡൊണാൾഡ്).

അതിനാൽ ഈ പുതുവർഷത്തിൽ കർത്താവിനായി സൽഫലങ്ങളെ പുറപ്പെടുവിച്ചുകൊണ്ട്, ക്രിസ്തുവിൽ നമ്മെ എപ്പോഴും ജയോൽസവമായി നടത്തുകയും എല്ലായിടത്തും നമ്മെകൊണ്ട് തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന് സ്തോത്രം അർപ്പിച്ചുകൊണ്ട്, കർത്താവിന്റെ കരം പിടിച്ചുകൊണ്ട് നമുക്ക് പ്രവേശിക്കാം. അതിനായി ദൈവം നമ്മെ ഏവരേയും സഹായിക്കട്ടെ.

## മഹത്വത്തിൽ



**ബാംഗ്ലൂർ** : നിത്യതയിലായിരിക്കുന്ന സഹോദരൻ ഇമ്മാനുവേലിന്റെ സഹധർമ്മിണി, **സാറാമ്മ ഇമ്മാനുവേൽ (69)** നവംബർ 30 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 1 ന് ശുശ്രൂഷകൾക്കുശേഷം ഹൊസൂർ ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കോഴിക്കോട്** : സഹോദരൻ സി. ഇമ്മാനുവേൽ ഡേവിഡിന്റെ സഹധർമ്മിണി **ജയാ ഇമ്മാനുവേൽ (64)** ഡിസംബർ 23 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 26 ന് ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം കോഴിക്കോട് ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ചെന്നീർക്കര, പത്തനംതിട്ട** : നിത്യതയിലായിരിക്കുന്ന സഹോദരൻ എം.കെ. കോശിയുടെ സഹധർമ്മിണി **റിബെക്കാ കോശി (88)** ഡിസംബർ 14 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 19 ന് ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം മഞ്ഞിനിക്കര ബ്രദറാണ് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ഐത്തോട്ടുവാ, പടിഞ്ഞാറേകല്ലട** : സഹോദരൻ **സജി കുഞ്ഞുമോൻ** മസ്കറ്റിൽ നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 23ന് ശുശ്രൂഷകൾക്ക്ശേഷം കല്ലട ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കല്ലിശ്ശേരി** : സഹോദരൻ **എ.പി. ഫിലിപ്പോസ് (68)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 30 ന് കല്ലിശ്ശേരി ഈസ്റ്റ് ബ്രദറൺ സഭാഹാളിലെ ശുശ്രൂഷകൾക്കുശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. സുവിശേഷകന്മാരായ ഇട്ടിവർഗീസും ഇട്ടിസാമും തന്റെ ഭാര്യാ സഹോദരന്മാരാണ്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**തൃക്കൈക്കുത്ത്, മലപ്പുറം** : നിത്യതയിൽ ആയിരിക്കുന്ന സഹോദരൻ വി.എ. തോമസിന്റെ സഹധർമ്മിണി **അന്നമ്മ തോമസ് (82)** ഡിസംബർ 1 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 2 ന് ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം തൃക്കൈക്കുത്ത് ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**അരീപ്പറമ്പ്, കോട്ടയം** : സഹോദരൻ **പി.കെ. പുന്നൻ (85)** ഡിസംബർ 24 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 29 ന് അരീപ്പറമ്പ് ക്രിസ്റ്റൻ ബ്രദറൺ ചർച്ച് ഹാളിലെ ശുശ്രൂഷകൾക്കുശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**അങ്കമാലി** : സഹോദരൻ ഇ.സി. ഫിലിപ്പിന്റെ സഹധർമ്മിണി **കുഞ്ഞുമോൾ ഫിലിപ് (92)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 14 ന് ശുശ്രൂഷകൾക്കുശേഷം അങ്കമാലി ബ്രദറൺ ക്രിസ്ത്യൻ ചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പൂവത്തൂർ, പുല്ലാട്** : നിത്യതയിൽ ആയിരിക്കുന്ന സഹോദരൻ എ.റ്റി. ഏബ്രഹാമിന്റെ സഹധർമ്മിണി **അന്നമ്മ ഏബ്രഹാം (74)** ഡിസംബർ 19 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 26 ന് പൂവത്തൂർ രഹബോത് ക്രിസ്ത്യൻ ബ്രദറൻ ചർച്ചിലെ ശുശ്രൂഷകൾക്കുശേഷം സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പോണ്ടിച്ചേരി** : സഹോദരൻ റ്റി. എ. തോമസിന്റെ സഹധർമ്മിണി **ചിന്നമ്മ തോമസ് (87)** ഡിസംബർ 23 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 29 ന് ടാഗോർ നഗറിൽ നടന്ന ശുശ്രൂഷകൾക്കുശേഷം ഉഴുവർക്കരയിലുള്ള ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**ലോങ്ങ് ഐലൻഡ്, ന്യൂയോർക്ക്** : സഹോദരൻ **പീറ്റർ മാത്യൂസ് (24)** ഡിസംബർ 8 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 19 ന് ശുശ്രൂഷകൾക്കുശേഷം ന്യൂയോർക്കിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**അരീപ്പറമ്പ്, കോട്ടയം** : സഹോദരൻ **പി.ഐ. വർഗീസ് (79)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 20 ന് ശുശ്രൂഷകൾക്കുശേഷം അരീപ്പറമ്പ് ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**പ്ലാവേലിൽ, കുമ്പഴ** : സഹോദരൻ **വർഗീസ് ഡാനിയേൽ (89)** നിത്യതയിൽ ചേർക്കപ്പെട്ടു, ഭൗതീകശരീരം ഡിസംബർ 19 ന് പ്ലാവേലിൽ ബ്രദറൺ സഭാഹാളിലെ ശുശ്രൂഷകൾക്കുശേഷം സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മുക്കൂട്ടുതറ**: സഹോദരി **ലിസി പുന്നൂസ് (75)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 26 ന് ശുശ്രൂഷകൾക്കുശേഷം മുക്കൂട്ടുതറ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കലഞ്ഞൂർ, പത്തനാപുരം** : സഹോ. **സാമുവേൽ തോമസ് (കൊച്ചുബേബി 68)** ഡിസംബർ 23 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം കലഞ്ഞൂർ ബ്രദറൺ ചർച്ച്ഹാളിലെ ശുശ്രൂഷകൾക്കുശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പുതുപ്പള്ളി, കോട്ടയം** : നിത്യതയിലായിരിക്കുന്ന സഹോ. എം.ജെ. ബെഞ്ചമിന്റെ സഹധർമ്മിണി **ഏലിയാമ്മ ബെഞ്ചമിൻ (93)** ഡിസംബർ 29 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം 2023 ജനുവരി 3 ന് പുതുപ്പള്ളി ക്രിസ്ത്യൻ ബ്രദറൺ അസ്സംബ്ലി ഹാളിലെ ശുശ്രൂഷകൾക്കുശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർഥനയിൽ ഓർക്കുക.

# സുവിശേഷ മഹായോഗം

വാളകം ബ്രദറൺ സഭാഹാൾ അങ്കണം

**2023 ജനുവരി 20,21,22**
(വെള്ളി, ശനി, ഞായർ) തീയതികളിൽ
വൈകിട്ട് 6.30 മുതൽ

പ്രസംഗകർ

സുവി. പി. എസ്. തമ്പാൻ
റാന്നി

സുവി. പി. ജി. ജെയിംസ്
തണ്ണിത്തോട്

ദൈവവചനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥനക്കായും അപേക്ഷിക്കുന്നു.

മാന്യരെ,
വാളകം ബ്രദറൺ സഭയുടെ ചുമതലയിൽ സുവിശേഷ പ്രഭാഷണങ്ങളും സംഗീത ശുശ്രൂഷയും 2023 ജനുവരി 20,21,22 (വെള്ളി, ശനി, ഞായർ) തീയതികളിൽ വാളകം ബ്രദറൺ സഭാ ഹാൾ അങ്കണത്തിൽ വൈകിട്ട് 6.30 മുതൽ നടത്തപ്പെടുന്നു. പ്രസ്തുത യോഗത്തിലേയ്ക്ക് ഏവരേയും കർത്തൃനാമത്തിൽ സാദരം ക്ഷണിച്ചുകൊള്ളുന്നു.

21 ശനിയാഴ്ച
രാവിലെ 10 മണിക്ക്
**ബൈബിൾ ക്ലാസ്സ്**

കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു.
മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ (ബൈബിൾ മർക്കോസ് 1 : 15)

എന്ന്, വാളകം ബ്രദറൺ സഭയ്ക്കുവേണ്ടി
കെ.എം. മത്തായി കെ.എം. വർക്കി വി.യു. ജേക്കബ്

വാളകം

For more details:
9847518785
9946552019


# വൈ.എം.ഇ.എഫ് (ND) തൃശൂർ യൂണിറ്റ്

2022 -ലെ പ്രവർത്തനങ്ങൾ വളരെ അനുഗ്രഹമായി നടക്കുവാൻ സർവ്വ കൃപാലുവായ ദൈവം സഹായിച്ചു. എല്ലാ മാസത്തിന്റെ ആദ്യത്തെ ഞായർ വൈകുന്നേരം 6 മണി മുതൽ പ്രവർത്തനങ്ങളും പെങ്ങാമുക്ക്, പഴഞ്ഞി, കൊരട്ടി, എരുമപെട്ടി, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ സുവിശേഷ ക്യാമ്പുകളും, പി.എ. ഡേവി, എം.പി. ഷാജു, ജിംസൺ, കെ.പി. സോളമൻ എന്നീ സഹോദരൻമാരുടെ ഭവനാംഗണത്തിൽ വച്ച് മിനി കൺവൻഷനുകളും, അനേകസ്ഥലങ്ങളിൽ പരസ്യയോഗങ്ങളും നടന്നു. പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിച്ചവർക്കും പ്രവർത്തനങ്ങളിൽ സഹകരിച്ചവർക്കും നന്ദി അറിയിക്കുന്നു.


# ബൈബിൾ പ്രഭാഷണങ്ങളും സംഗീത ശുശ്രൂഷയും

മേലുകാവ്മറ്റം ബ്രദറൺ ചർച്ച് ഗ്രൗണ്ട്
വൈകുന്നേരം 6.30 മുതൽ 9.00 വരെ

**2023 ജനുവരി**
13 മുതൽ 15 വരെ (വെള്ളി, ശനി, ഞായർ)

എവർക്കും സ്വാഗതം

പ്രസംഗകർ
സുവി. പി. എസ്. തമ്പാൻ റാന്നി
സുവി. പി. വി. ജെയിംസ് വാളകം
സുവി. ജെയിംസ് എം. തോമസ് നെടുമ്പാശേരി

ഗാനശുശ്രൂഷ
ജെയിംസ് തോട്ടപ്പള്ളി, സാബു കൂവപ്പള്ളി, ബ്ലെസ്സി ജെയിംസ്

യുവജന സമ്മേളനം – ജനുവരി 15 (ഞായർ 3:30 – 5:30 pm.)

പ്രസംഗകൻ : Dr. കെ. സി. ജോൺസൺ – മാവേലിക്കര
വിഷയം : സ്ഥലം സഭകളിൽ യുവജനദൗത്യം.


# സുവിശേഷ ക്യാമ്പ്
## നെല്ലിക്കുന്ന് സീയോൻ

ദൈവഹിതമായാൽ വൈ.എം.ഇ.എഫ്. തൃശൂർ യൂണിറ്റിന്റെ ചുമതലയിലും നെല്ലിക്കുന്ന് സീയോൻ ബ്രദറൺ ചർച്ചിന്റെ സഹകരണത്തിലും 2023 ജനുവരി 23, 24 തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ സുവിശേഷ ക്യാമ്പ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. 23-01-2023 തിങ്കളാഴ്ച രാത്രി 7 മണിക്ക് രാത്രിയോഗം ഉണ്ടായിരിക്കുന്നതാണ് സുവി. ജെയിംസ് എം. തോമസ് വചനശുശ്രൂഷ നിർവ്വഹിക്കുന്നതാണ്.

**ക്യാമ്പ് ലീഡർ : പി.എ. ഡേവി (നെല്ലിക്കുന്ന് സീയോൻ)**

**ബൈബിൾ ക്ലാസ് : ജെയിംസ് എം. തോമസ് (നെടുമ്പാശ്ശേരി)**

**രാവിലെ 9.00 ന് ഭവനസന്ദർശനം; ഉച്ചയ്ക്ക് 2.45 ന് ബൈബിൾ ക്ലാസ്; വൈകുന്നേരം 4.00 ന് പരസ്യയോഗങ്ങൾ.**

വൈ.എം.ഇ.എഫ്. തൃശൂർ യൂണിറ്റിനുവേണ്ടി

**സി.വി. പൗലോസ്** (പ്രസിഡന്റ്, 9446760875)

**പി.എ. ഡേവി** (സെക്രട്ടറി, 9846304822)

# ചിന്ത

# യഥാർത്ഥ പ്രാർത്ഥന ദൈവത്തെ നമ്മുടെ ഇഷ്ടത്തിന് കീഴ്പ്പെടുത്തുകയല്ല ദൈവത്തിന്റെ ഇഷ്ടത്തിന് നമ്മെത്തന്നെ സമർപ്പിക്കുന്നതാണ്

TVS

ഈ ലോകത്തിൽ ആവിർഭവിച്ചിട്ടുള്ള എല്ലാ മതങ്ങളും പ്രാർത്ഥനയ്ക്ക് പ്രാധാന്യം നൽകുന്നുണ്ട്. ദൈവത്തിൽ വിശ്വസിക്കുന്ന എല്ലാവരും പ്രാർത്ഥിക്കാറുമുണ്ട്. പഴയ തലമുറ പ്രാർത്ഥനയ്ക്ക് വലിയ പ്രാധാന്യം നൽകിയിരുന്നു. എന്നാൽ ആധുനികയുഗത്തിലെ പുതിയ തലമുറ പ്രാർത്ഥനയ്ക്ക് അത്ര പ്രാധാന്യം കൊടുക്കാറില്ല. കാരണം അവരുടെ അനുദിന ജീവിതം ആർഭാടമായി ജീവിക്കുവാൻ എന്തൊക്കെ ചെയ്യാമോ അതൊക്കെ ചെയ്യുവാൻ സാധിക്കുന്നുണ്ട്. മാത്രമല്ല പ്രാർത്ഥനയില്ലെങ്കിലും കാര്യങ്ങൾ എല്ലാം ഭംഗിയായി നടക്കുന്നുണ്ടുതാനും. ദൈവഭക്തനായ ഒരുവന്റെ ജീവിതത്തെ ഈ ദുഷ്ടലോകത്തിൽ ധന്യമാക്കിത്തീർക്കുന്നത് ദൈവത്തോടുള്ള അവന്റെ പ്രാർത്ഥനയാണ്. പ്രാർത്ഥനയിൽ ചില ക്രമങ്ങൾ ഉണ്ട്. “ഇടവിടാതെ പ്രാർത്ഥിക്കണം”, “പ്രാർത്ഥനയിൽ ഉറ്റിരിക്കണം”, “ഉണർന്നിരുന്ന് പ്രാർത്ഥിക്കണം”. അങ്ങനെ ചെയ്യുമ്പോൾ ഒരു ദൈവപൈതലിന് ദൈവവുമായിട്ടുള്ള ആശയവിനിമയം പ്രയാസം കൂടാതെ നടത്തുവാൻ കഴിയും. ചിലപ്പോൾ നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി ചോദിച്ചതിന് വിപരീതമായി ലഭിച്ചു എന്നുവരും. അങ്ങനെ രണ്ടു മറുപടിയും ഒരു വ്യക്തിയിൽ സംഭവിച്ച കഥ വായനക്കാരുടെ മുന്നിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു. അതിൽ ആ വ്യക്തി എന്തുചെയ്തു എന്ന് നമുക്ക് നോക്കാം.

ഒരിക്കൽ ഒരു ഡോക്ടർ പെട്ടെന്ന് മരിച്ചപ്പോൾ മരണപത്രപ്രകാരം അദ്ദേഹത്തിന്റെ വലിയ സ്വത്തിന് ഏക പുത്രി അവകാശിയായിത്തീർന്നു. പക്ഷേ അതിന്മേൽ ഒരു വ്യവഹാരം ഉണ്ടായിരുന്നു. കേസ് നടത്തി പിതാവിന്റെ സ്വത്ത് സ്വന്തമാക്കിത്തീർക്കേണ്ട ആവശ്യം വന്നു. ഈ സാഹചര്യത്തിൽ തന്റെ കുടുംബ സുഹൃത്തായ ഒരു വക്കീൽ സഹായത്തിനെത്തി. ആ കേസ് താൻ വാദിച്ചു എങ്കിലും കേസിന്റെ വിധി യുവതിക്ക് ദോഷമായിട്ടായിരുന്നു. ആ യുവതിയും തന്റെ വക്കീലും കൂടി കോടതിയിൽ നിന്ന് ഇറങ്ങി കുറെദൂരം പരസ്പരം ഒന്നും ഉരിയാടാതെ നടന്നു.

“എന്താ നിനക്ക് അസുഖം വല്ലതും ഉണ്ടോ?” വക്കീൽ യുവതിയോട് ചോദിച്ചു. അസുഖമോ എനിക്കോ ഒരസുഖവും ഇല്ല. എന്താണ് കോടതി പറഞ്ഞതെന്ന് നിനക്ക് മനസ്സിലായില്ലേ? എന്ന് വക്കീൽ ചോദിച്ചു. നിനക്കുള്ള സർവ്വസ്വത്തും നഷ്ടമായിരിക്കുന്നു. കോടതിവിധി കേട്ട് നിനക്ക് യാതൊരു വിഷമമവും ഇല്ലെന്നോ? അപ്പോൾ അവൾ പറഞ്ഞു തൊട്ടടുത്തുള്ള പാർക്കിൽ പോയി നമുക്ക് സംസാരിക്കാം. അവൾ വക്കീലിനോട് താങ്കൾ ഒരു കാര്യം മനസ്സിലാക്കണം. ഈ കേസ് നടന്നുകൊണ്ടിരിക്കുമ്പോൾ ദൈവഹിതം നടക്കണം എന്നുമാത്രമേ ഞാൻ പ്രാർത്ഥിച്ചിട്ടുള്ളൂ. ദൈവഹിതത്തിനൊത്തവണ്ണം വിധിയുണ്ടാകണം എന്നാണ് ഞാൻ പ്രാർത്ഥിച്ചത്. അതുപോലെ തന്നെ സംഭവിച്ചു. എനിക്കതിൽ പരിഭവമില്ല. കാരണം ഇത് ഞാൻ സ്നേഹിക്കുന്ന ദൈവത്തിന്റെ ഹിതാനുസരണമാണ് സംഭവിച്ചത് എന്ന് എനിക്കറിയാം. അതുകൊണ്ട് എന്റെ മനസ്സിന് യാതൊരു ചാഞ്ചല്യവും ഇല്ല.

വക്കീൽ അവളുടെ മുഖത്തു നോക്കി. എന്തൊരു സമാധാനമാണ് അവൾക്ക് ചില മാസങ്ങൾ കഴിഞ്ഞു. അവൾ കടുത്ത സാമ്പത്തിക ക്ലേശങ്ങളിൽ കൂടെ തന്റെ വിശ്വാസം മുറുകെ പിടിച്ച് കടന്നു പോകയായിരുന്നു. ഒരു ദിവസം അവൾക്ക് ഒരു ദർശനം ഉണ്ടായി. അതിന്റെ വെളിച്ചത്തിൽ അപ്പീൽ കൊടുക്കണം എന്നായിരുന്നു അതിന്റെ ആശയം. ദൈവഹിതത്തിന് സമർപ്പിച്ചുകൊണ്ട് കേസ് അപ്പീൽ കൊടുത്തു. അത്ഭുതം എന്നു പറയട്ടെ, കേസ് അനുകൂലമായി വിധിച്ചു. പ്രതീക്ഷിച്ചതിനെക്കാൾ ഗുണകരമായി തന്നെ വിധിയുണ്ടായി. എന്റെ ഇഷ്ടമല്ല അവിടുത്തെ ഇഷ്ടം തന്നെ നടക്കട്ടെയെന്ന് പ്രാർത്ഥിച്ചു. ആത്മാർത്ഥമായ പ്രാർത്ഥന ഒരു സമർപ്പണമനോഭാവത്തോടെ ആയിരിക്കണം. നമ്മുടെ ഇഷ്ടത്തിന് ദൈവത്തെ കൊണ്ടുവരികയല്ല ആകയാൽ നമ്മുടെ കർത്താവ് പറഞ്ഞതുപോലെ, എന്റെ ഇഷ്ടം അല്ല, അവിടത്തെ ഇഷ്ടം നടക്കട്ടെയെന്ന് പറയാനുള്ള വിശ്വാസത്തോടു കൂടെയുള്ള മനസ്ഥിതി നമുക്ക് ഉണ്ടാകട്ടെ. ●


**SUVISESHADHWANI**

Fortnightly
Vol. 41 Issue 35
Single Copy Rs. 10/-
Annual Subscription
India Rs. 200/-
Envelope Postage Rs. 3000/-
Please send news and articles to
Chief Editor:
**Sam Zacharia**
H. No. 56/ NV Nagar,
Peroorkada P.O.
Thiruvananthapuram - 695 005.
Tel. +91 9446684828
email: svdtvm2019@gmail.com
*Send your money orders to:*
Managing Editor:
**Joykumar V.K.**
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121
Tel. +91 9446022942
Associate Editor :
**Samuel Thomas**, Cheppad
Tel. +91 9495162788
Sub Editors:
**John Joseph** (South Division)
Tel. +91 9496465298
**A.D. James** (North division)
Tel. +91 9446814115
**John Mathews P.** (Malabar Division)
Tel. +91 9605962095
**K.V. Jose** (High Range Division)
Tel. +91 8606083652
Circulation Manager :
**Spurjan K.J.** Balaramapuram
Tel. +91 9495131875

**REGISTERED**
Reg. No. RN 29475/1978
Postal Reg. No. KL/TV(S)/396/2022-24
Licence No: KL/TV(S)/WPP/251/2022-24
Licensed to Post without prepayment
Date of Publishing : 07-01-2023
If undelivered please return to:
Managing Editor
Suviseshadhwani
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121.




Printed & Published by Sam Zacharia on behalf of General Y.M.E.F & Printed at : Color Scan, Trivandrum & Published at H. No. 56/ NV Nagar, Peroorkada P.O. Thiruvananthapuram - 695 005. Editor: Sam Zacharia. Design:printechoffset,Trivandrum